# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തിരൂർ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
തിരൂർ പി.ഒ

ഇ-മെയിൽ: mltir.ksad@kerala.gov.in

ഫോൺ :

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.ആർ.എം.2/370/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
തിരൂർ പി.ഒ
തീയ്യതി: 15/12/2021
ഇ-മെയിൽ: mltir.ksad@kerala.gov.in
ഫോൺ:

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
തിരൂർ മുനിസിപ്പാലിറ്റി

സർ,

വിഷയം : തിരൂർ മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരൂർ മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-17,1-18,1-19,1-20,1-21,1-26,1-28,3-1 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.(ഉപരിപത്രം സഹിതം)
2. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, മേഖലാ കാര്യാലയം, കോഴിക്കോട്. (ഉപരിപത്രം സഹിതം)
3. കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.ആർ.എം.2/370/2021 തീയ്യതി: 15/12/2021

## മലപ്പുറം ജില്ലയിലെ തിരൂർ മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തിരൂർ മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 02-07-2020 മുതൽ 31-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 39 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.പി.സുനിൽ | ഡെപ്യൂട്ടി ഡയറക്ടർ | 02-07-2020 | 31-07-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 02-07-2020 | 31-07-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.പ്രബോധ് കുമാർ.ഇ.എം., ഓഡിറ്റ് ഓഫീസർ
02-07-2020 മുതൽ 19-07-2021
ശ്രീ.അബ്ദുൽ റഷീദ്.എം.പി.,ഓഡിറ്റ് ഓഫീസർ
19-07-2021 മുതൽ 31-07-2021 വരെ

ശ്രീ.മുഹമ്മദ് മുസ്തഫ.പി. , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
02-07-2020 മുതൽ 31-07-2021 വരെ
ശ്രീ.മിലാഷ് .സി.എൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
02-07-2020 മുതൽ31-07-2021 വരെ
ശ്രീ.അനീത് ബാബു.കെ.ടി., ഓഡിറ്റർ
02-07-2020 മുതൽ 20-02-2021 വരെ
ശ്രീ.ബിജീഷ് മോഹൻ.ടി., ഓഡിറ്റർ
20-02-2021 മുതൽ 31-07-2021 വരെ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.കല്ലിങ്ങൽ ബാവ | ചെയർമാൻ | 01-04-2019 | 31-03-2020 |
| ശ്രീ.എ.എസ്.നൈസാം | സെക്രട്ടറി | 01-04-2019 | 31-10-2019 |
| ശ്രീ.എസ്.എസ്.സജി | സെക്രട്ടറി | 01-11-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.രശ്മി.ആർ | നഗരസഭ എഞ്ചിനീയർ | 01-04-2019 | 30-11-2019 |
| ശ്രീ. ഹരീഷ് കുമാർ.ഡി. | നഗരസഭ എഞ്ചിനീയർ | 01-12-2019 | 31-03-2020 |
| ശ്രീ. അമൽ കെ.സജീവ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-07-2019 |
| ശ്രീ. ജയകുമാർ കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-08-2019 | 31-08-2019 |
| ശ്രീ. മുബാറക് സി.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-09-2019 | 31-03-2020 |
| ശ്രീ.അനിൽകുമാർ കെ.പി. | ഹെഡ്മാസ്റ്റർ, ഗവ.യു.പി.സ്കൂൾ | 01-04-2019 | 31-03-2020 |
| ഡോ.ഉഷ.പി | സീനിയർ വെറ്ററിനറി സർജൻ | 01-04-2019 | 31-01-2020 |
| ഡോ.സുരേഷ് ബി | സീനിയർ വെറ്ററിനറി സർജൻ | 01-02-2020 | 31-03-2020 |
| ശ്രീമതി.സ്മിത. എസ്., ജെ.എച്ച്.എഐ. | പ്രോജക്ട് ഓഫീസർ യു.പി.എ.സി. | 01-04-2019 | 30-09-2019 |
| ശ്രീ.മുഹമ്മദ് | പ്രോജക്ട് ഓഫീസർ യു.പി.എ.സി. | 01-10-2019 | 31-03-2020 |

| | | | |
|---|---|---|---|
| ഇഖ്ബാൽ ,എച്ച്.എം |  |  |  |
| ഡോ.വി.വിനോദ് | മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി | 01-04-2019 | 30-11-2019 |
| ഡോ.ബേബി ലക്ഷ്മി | മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി | 01-12-2019 | 31-03-2020 |
| ഡോ.രഘുപ്രസാദ് പി | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2019 | 31-03-2020 |
| ശ്രീ.മുഹമ്മദ് വി. | വ്യവസായ വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.മുഹമ്മദ് കോയ ബി.പി. | അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.അമ്പിളി.പി. | എെ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| മണികണ്ഠൻ വി | ഹെൽത്ത് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Milash C N (Senior Grade Auditor, On 22-11-2021)<br>Last Updated By: Abdul Rasheed MP (Audit Officer, On 15-12-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Milash C N (Senior Grade Auditor, On 22-11-2021)<br>Last Updated By: Abdul Rasheed MP (Audit Officer, On 23-11-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Milash C N (Senior Grade Auditor, On 22-11-2021)<br>Last Updated By: Abdul Rasheed MP (Audit Officer, On 23-11-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Milash C N (Senior Grade Auditor, On 22-11-2021)<br>Last Updated By: Abdul Rasheed MP (Audit Officer, On 15-12-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Milash C N (Senior Grade Auditor, On 22-11-2021)<br>Last Updated By: Abdul Rasheed MP (Audit Officer, On 23-11-2021) | 1-5 |
| 6 | അയ്യങ്കാളി തൊഴിലുറപ്പ്<br>Written By: Milash C N (Senior Grade Auditor, On 22-11-2021)<br>Last Updated By: Abdul Rasheed MP (Audit Officer, On 23-11-2021) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Bijeesh Mohan T (Auditor, On 22-11-2021)<br>Last Updated By: Abdul Rasheed MP (Audit Officer, On 23-11-2021) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Bijeesh Mohan T (Auditor, On 22-11-2021)<br>Last Updated By: Abdul Rasheed MP (Audit Officer, On 23-11-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: Milash C N (Senior Grade Auditor, On 22-11-2021)<br>Last Updated By: Abdul Rasheed MP (Audit Officer, On 23-11-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Milash C N (Senior Grade Auditor, On 22-11-2021)<br>Last Updated By: Abdul Rasheed MP (Audit Officer, On 23-11-2021) | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Milash C N (Senior Grade Auditor, On 22-11-2021)<br>Last Updated By: Abdul Rasheed MP (Audit Officer, On 23-11-2021) | 1-11 |
| 12 | വരുമാന പത്രികക്കനുസരിച്ച് തൊഴിൽ നികുതി നിർണ്ണയിച്ചതിൽ കുറവ്<br>Written By: Aneeth Babu K.T (Auditor, On 22-11-2021)<br>Last Updated By: Abdul Rasheed MP (Audit Officer, On 23-11-2021) | 1-12 |
| 13 | അനർഹമായി മേഖല ഇളവ് നൽകി വസ്തുനികുതി നിർണ്ണയിച്ചു . 1760 രൂപ നഷ്ടം<br>Written By: Aneeth Babu K.T (Auditor, On 22-11-2021)<br>Last Updated By: Abdul Rasheed MP (Audit Officer, On 23-11-2021) | 1-13 |
| 14 | നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾ<br>Written By: Aneeth Babu K.T (Auditor, On 22-11-2021)<br>Last Updated By: Abdul Rasheed MP (Audit Officer, On 15-12-2021) | 1-14 |

| | | |
|---|---|---|
| 15 | നഗരസഭ ബസ്സ്റ്റാന്റ് കെട്ടിടത്തിലെ മുറി കൊറിയർ സർവ്വീസിന് അനുവദിച്ചത് - രേഖകൾ ഹാജരാക്കിയില്ല<br>Written By: Muhammed Mustafa P (Senior Grade Auditor, On 22-11-2021)<br>Last Updated By: Abdul Rasheed MP (Audit Officer, On 15-12-2021) | 1-15 |
| 16 | ടൗൺ ഹാൾ ഫ്രണ്ടേജ് - ബൈലോ തയ്യാറാക്കുന്നത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല<br>Written By: Muhammed Mustafa P (Senior Grade Auditor, On 22-11-2021)<br>Last Updated By: Abdul Rasheed MP (Audit Officer, On 15-12-2021) | 1-16 |
| 17 | നഗരസഭയിൽ വ്യവസായ എസ്റ്റേറ്റുകൾ പ്രവർത്തനക്ഷമമല്ല<br>Written By: Aneeth Babu K.T (Auditor, On 22-11-2021)<br>Last Updated By: Abdul Rasheed MP (Audit Officer, On 15-12-2021) | 1-17 |
| 18 | ചെറുകിട വ്യവസായ പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുന്നത് കാര്യക്ഷമമല്ല<br>Written By: Aneeth Babu K.T (Auditor, On 22-11-2021)<br>Last Updated By: Abdul Rasheed MP (Audit Officer, On 29-11-2021) | 1-18 |
| 19 | വിവിധ ഫീസ് പിരിവുകളിലെ കുടിശ്ശിക ഈടാക്കിയില്ല,2,66,057/-രൂപ നഷ്ടം<br>Written By: Muhammed Mustafa P (Senior Grade Auditor, On 22-11-2021)<br>Last Updated By: Abdul Rasheed MP (Audit Officer, On 15-12-2021) | 1-19 |
| 20 | അനധികൃതമായി പ്രവർത്തിച്ചുകൊണ്ടിരുന്ന സ്വകാര്യ വണ്ടിത്താവളങ്ങൾക്കെതിരെ നടപടി സ്വീകരിച്ചില്ല. ലൈസൻസ് ഫീ ഇനത്തിൽ 64,000/-രൂപ നഷ്ടം<br>Written By: Muhammed Mustafa P (Senior Grade Auditor, On 22-11-2021)<br>Last Updated By: Abdul Rasheed MP (Audit Officer, On 15-12-2021) | 1-20 |
| 21 | നഗരസഭ കെട്ടിടങ്ങളുടെ വാടക കുടിശ്ശിക അരിയർ ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല 66,78,468 രൂപ കുടിശ്ശിക.<br>Written By: Muhammed Mustafa P (Senior Grade Auditor, On 22-11-2021)<br>Last Updated By: Abdul Rasheed MP (Audit Officer, On 15-12-2021) | 1-21 |
| 22 | മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല - 11,75,268 രൂപ – കുടിശ്ശിക<br>Written By: Milash C N (Senior Grade Auditor, On 22-11-2021)<br>Last Updated By: Abdul Rasheed MP (Audit Officer, On 23-11-2021) | 1-22 |
| 23 | 2019-ലെ മഴക്കാലപൂർവ്വ ശുചീകരണം-പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കിയില്ല.<br>Written By: Bijeesh Mohan T (Auditor, On 23-11-2021)<br>Last Updated By: Abdul Rasheed MP (Audit Officer, On 15-12-2021) | 1-23 |
| 24 | കമ്മ്യൂണിറ്റി റിസോഴ്സ് വളണ്ടിയർ രൂപീകരണം-നഗരകാര്യ ഡയറക്ടറുടെ നിർദ്ദേശം നടപ്പിലാക്കിയില്ല<br>Written By: Milash C N (Senior Grade Auditor, On 22-11-2021)<br>Last Updated By: Abdul Rasheed MP (Audit Officer, On 23-11-2021) | 1-24 |
| 25 | നഗരസഭ ഓഫീസിലും ടൗൺഹാളിലും ജനറേറ്റർ സ്ഥാപിക്കൽ-കൗൺസിൽ തീരുമാനം നടപ്പിലാക്കിയില്ല.<br>Written By: Prabodhkumar.E.M (Audit Officer, On 23-11-2021)<br>Last Updated By: Abdul Rasheed MP (Audit Officer, On 15-12-2021) | 1-25 |
| 26 | നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ-പ്രോജക്ട് ഓഫീസർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ഫലപ്രദമല്ല- പ്രോജക്ടുകൾ | 1-26 |

| | | |
|---|---|---|
| | ലക്ഷ്യം കാണുന്നില്ല.<br>Written By: Muhammed Mustafa P (Senior Grade Auditor, On 22-11-2021)<br>Last Updated By: Abdul Rasheed MP (Audit Officer, On 23-11-2021) | |
| 27 | ജീവനക്കാരുടെ സേവനപുസ്തക പരിശോധന-ജി.എെ.എസ്, എസ്.എൽ.എെ, ജി.പി.എഫ് എന്നിവയിൽ സമയബന്ധിതമായി അംഗത്വമെടുക്കുന്നില്ല.<br>Written By: Muhammed Mustafa P (Senior Grade Auditor, On 22-11-2021)<br>Last Updated By: Abdul Rasheed MP (Audit Officer, On 23-11-2021) | 1-27 |
| 28 | 2012-13 വർഷത്തിൽ 19.59 ലക്ഷം രൂപ കുടിശ്ശിക നിലനിർത്തികൊണ്ട് തുടർ വർഷങ്ങളിലെ ലൈബ്രറി സെസ് അടവാക്കുന്നു.<br>Written By: Milash C N (Senior Grade Auditor, On 23-11-2021)<br>Last Updated By: Abdul Rasheed MP (Audit Officer, On 15-12-2021) | 1-28 |
| 29 | ശുചീകരണ തൊഴിലാളികൾക്കുള്ള യൂണിഫോം-കുടിശ്ശികയുൾപ്പെടെ തൻവർഷം ഓരോ തൊഴിലാളിക്കും 12 ജോടികൾ വീതം വിതരണം ചെയ്തു.<br>Written By: Milash C N (Senior Grade Auditor, On 23-11-2021)<br>Last Updated By: Abdul Rasheed MP (Audit Officer, On 23-11-2021) | 1-29 |
| 30 | പ്രവൃത്തി പൂർത്തീകരിച്ച് മൂന്ന് വർഷത്തിനു ശേഷം മാത്രം കരാറുകാരന് ബിൽ തുക നൽകി<br>Written By: Prabodhkumar.E.M (Audit Officer, On 22-11-2021)<br>Last Updated By: Abdul Rasheed MP (Audit Officer, On 23-11-2021) | 1-30 |
| 31 | അംഗനവാടിക്ക് സൗജന്യമായി സ്ഥലം വിട്ടുനൽകി- തുടർ നടപടിയുടെ വിവരം ലഭ്യമല്ല.<br>Written By: Milash C N (Senior Grade Auditor, On 22-11-2021)<br>Last Updated By: Abdul Rasheed MP (Audit Officer, On 23-11-2021) | 1-31 |
| 32 | റോഡുകളുടെ സംരക്ഷണ പ്രവൃത്തിയും പൂർത്തീകരണവും യഥാസമയം നടക്കുന്നില്ല- അറ്റകുറ്റപണി ഭാഗികമായും നടക്കുന്നു.<br>Written By: Prabodhkumar.E.M (Audit Officer, On 22-11-2021)<br>Last Updated By: Abdul Rasheed MP (Audit Officer, On 23-11-2021) | 1-32 |
| 33 | നിക്ഷേപ പ്രവൃത്തികൾ- യഥാസമയം നടപ്പിലാകുന്നില്ല- നിക്ഷേപ തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല. പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കുന്നില്ല- മോണിട്ടറിംഗ് സംവിധാനം ഫലപ്രദമല്ല.<br>Written By: Prabodhkumar.E.M (Audit Officer, On 22-11-2021)<br>Last Updated By: Abdul Rasheed MP (Audit Officer, On 23-11-2021) | 1-33 |
| 34 | ICDS സൂപ്പർവൈസർ നടപ്പിലാക്കിയ പ്രൊജക്ട് നമ്പർ 100/2020 'കോക്ലിയാർ ഇംപ്ലാന്റേഷനുള്ള പരിപാലനച്ചെലവ്' എന്ന പ്രൊജക്ട് -രേഖകൾ ഹാജരാക്കാത്തതിനാൽ 1,00,000 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.<br>Written By: Milash C N (Senior Grade Auditor, On 22-11-2021)<br>Last Updated By: Abdul Rasheed MP (Audit Officer, On 23-11-2021) | 1-34 |
| 35 | സെക്രട്ടറി നടപ്പാക്കിയ പ്രൊജക്ട് നമ്പർ 02/2020 എസ്.എസ്.എ. വിഹിതം നൽകൽ - രേഖകളും ആവശ്യപ്പെട്ട മറ്റ് വിവരങ്ങളും ഹാജരാക്കിയില്ല – 30,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Milash C N (Senior Grade Auditor, On 22-11-2021)<br>Last Updated By: Abdul Rasheed MP (Audit Officer, On 23-11-2021) | 1-35 |

| | | |
|---|---|---|
| 36 | സെക്രട്ടറി നടപ്പിലാക്കിയ പ്രൊജക്ട് നമ്പർ 01/2020 ഐ.കെ.എം.ന് വിഹിതം നൽകൽ പ്രൊജക്ട് - രേഖകൾ ഹാജരാക്കിയില്ല – 2,46,148 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Milash C N (Senior Grade Auditor, On 22-11-2021)<br>Last Updated By: Abdul Rasheed MP (Audit Officer, On 23-11-2021) | 1-36 |
| 37 | സെക്രട്ടറി നടപ്പാക്കിയ പ്രൊജക്ട് നമ്പർ 95/2020 വയോമിത്രം - രേഖകൾ ലഭ്യമാക്കിയില്ല – 7,50,000 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.<br>Written By: Milash C N (Senior Grade Auditor, On 22-11-2021)<br>Last Updated By: Abdul Rasheed MP (Audit Officer, On 23-11-2021) | 1-37 |
| | ഭാഗം **2** | |
| 1 | വരുമാന പത്രികക്കനുസരിച്ച് തൊഴിൽ നികുതി നിർണ്ണയിച്ചതിൽ കുറവ്<br>Written By: Aneeth Babu K.T (Auditor, On 22-11-2021)<br>Last Updated By: Abdul Rasheed MP (Audit Officer, On 23-11-2021) | 2-1 |
| 2 | അനർഹമായി മേഖല ഇളവ് നൽകി വസ്തുനികുതി നിർണ്ണയിച്ചു . 1760 രൂപ നഷ്ടം<br>Written By: Aneeth Babu K.T (Auditor, On 22-11-2021)<br>Last Updated By: Abdul Rasheed MP (Audit Officer, On 15-12-2021) | 2-2 |
| 3 | വിവിധ ഫീസ് പിരിവുകളിലെ കുടിശ്ശിക ഈടാക്കിയില്ല, 2,66,057/-രൂപ നഷ്ടം<br>Written By: Muhammed Mustafa P (Senior Grade Auditor, On 23-11-2021)<br>Last Updated By: Abdul Rasheed MP (Audit Officer, On 15-12-2021) | 2-3 |
| 4 | അനധികൃതമായി പ്രവർത്തിച്ചുകൊണ്ടിരുന്ന സ്വകാര്യ വണ്ടിത്താവളങ്ങൾക്കെതിരെ നടപടി സ്വീകരിച്ചില്ല.ലൈസൻസ് ഫീ ഇനത്തിൽ 64,000/-രൂപ നഷ്ടം<br>Written By: Muhammed Mustafa P (Senior Grade Auditor, On 23-11-2021)<br>Last Updated By: Abdul Rasheed MP (Audit Officer, On 15-12-2021) | 2-4 |
| | ഭാഗം **3** | |
| 1 | നഗരസഭ ഓഫീസിലും ടൗൺഹാളിലും ജനറേറ്റർ സ്ഥാപിക്കൽ-കൗൺസിൽ തീരുമാനം നടപ്പിലാക്കിയില്ല.<br>Written By: Prabodhkumar.E.M (Audit Officer, On 23-11-2021)<br>Last Updated By: Abdul Rasheed MP (Audit Officer, On 15-12-2021) | 3-1 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം<br>Written By: Milash C N (Senior Grade Auditor, On 23-11-2021)<br>Last Updated By: Abdul Rasheed MP (Audit Officer, On 23-11-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Milash C N (Senior Grade Auditor, On 23-11-2021)<br>Last Updated By: Abdul Rasheed MP (Audit Officer, On 23-11-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Milash C N (Senior Grade Auditor, On 23-11-2021)<br>Last Updated By: Abdul Rasheed MP (Audit Officer, On 23-11-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Milash C N (Senior Grade Auditor, On 23-11-2021) | 4-4 |

| | | |
|---|---|---|
| | Last Updated By: Abdul Rasheed MP (Audit Officer, On 23-11-2021) | |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Milash C N (Senior Grade Auditor, On 23-11-2021)<br>Last Updated By: Abdul Rasheed MP (Audit Officer, On 15-12-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Milash C N (Senior Grade Auditor, On 23-11-2021)<br>Last Updated By: Abdul Rasheed MP (Audit Officer, On 15-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Milash C N (Senior Grade Auditor, On 23-11-2021)<br>Last Updated By: Abdul Rasheed MP (Audit Officer, On 15-12-2021) | 4-7 |
| 8 | സമാഹ്യത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം<br>Written By: Milash C N (Senior Grade Auditor, On 23-11-2021)<br>Last Updated By: Abdul Rasheed MP (Audit Officer, On 15-12-2021) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Milash C N (Senior Grade Auditor, On 23-11-2021)<br>Last Updated By: Abdul Rasheed MP (Audit Officer, On 15-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Milash C N (Senior Grade Auditor, On 23-11-2021)<br>Last Updated By: Abdul Rasheed MP (Audit Officer, On 15-12-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Milash C N (Senior Grade Auditor, On 23-11-2021)<br>Last Updated By: Abdul Rasheed MP (Audit Officer, On 15-12-2021) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അറ്റകുറ്റപണി ചെയ്യാത്ത പഴയ റോഡുകൾ | |
| 4 | ഭാഗികമായി അറ്റകുറ്റ പണി നടത്തിയ റോഡുകൾ | |
| 5 | നിർമ്മാണം പൂർത്തീകരിക്കാത്ത റോഡുകൾ | |
| 6 | വാർഷിക ധനകാര്യ പത്രികകൾ | |

# ഭാഗം -1

## 1-1 ബജറ്റ്

| | |
|---|---|
| ബജറ്റ് അംഗീകരിച്ച തിയ്യതി | 26.02.2019 |
| പുതുക്കിയ ബജറ്റ് അംഗീകരിച്ച തിയ്യതി | 26.03.2020 |

പുതുക്കിയ ബജറ്റ് പ്രകാരം 39,68,35,789/- രൂപയുടെ വരവും 41,65,99,789 രൂപയുടെ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം 2019-20 ലെ ആകെ വരവ് 24,82,81,438/- രൂപയും ആകെ ചെലവ് 24,88,10,531/- രൂപയുമാണ്. ബജറ്റിൽ വിഭാവനം ചെയ്തതിലും 37.43% ന്റെ കുറവ് വരവിലും 40.27% കുറവ് ചെലവിലും വന്നിട്ടുണ്ട്. പ്രതീക്ഷിത വരവ് ചെലവും യഥാർത്ഥ വരവ് ചെലവും തമ്മിൽ വലിയ അന്തരം ഉണ്ട്. ആയത് ഭാവിയിൽ ഇല്ലാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 22.07.2020 | -- | -- |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11,13,49,207.28 |
| വരവ് | 24,82,81,438 |
| ആകെ | 35,96,30,645.28 |
| ചെലവ് | 24,88,10,531 |
| നീക്കിയിരിപ്പ് | 11,08,20,114.28 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം (എ.സി.ആർ. പ്രകാരം) | 0 | 35273000 | 35273000 | 32790815 | 0 | 2482185 രൂപ 31.03.2020 ൽ ട്രഷറിയിൽ ക്യൂ ബില്ലിൽ |
| വികസന ഫണ്ട് എസ്.സി.പി. (എ.സി.ആർ. പ്രകാരം) | 0 | 11690000 | 11690000 | 4726974 | 3627457 (ലാപ്സ്) | 3335569 രൂപ 31.03.2020 ൽ ട്രഷറിയിൽ ക്യൂ ബില്ലിൽ |
| സംരക്ഷണ ഗ്രാന്റ് റോഡ് (എ.സി.ആർ. പ്രകാരം) | 0 | 21956000 | 21956000 | 7858411 | 8645407 (ലാപ്സ്) | 5452182 രൂപ 31.03.2020 ൽ ട്രഷറിയിൽ ക്യൂ ബില്ലിൽ |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് (എ.സി.ആർ. പ്രകാരം) | 0 | 10533000 | 10533000 | 4218734 | 2197430 (ലാപ്സ്) | 4116836രൂപ 31.03.2020 ൽ ട്രഷറിയിൽ ക്യൂ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ബില്ലിൽ |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Untied) (എ.സി.ആർ. പ്രകാരം) | 0 | 58692000 | 58692000 | 13610628 | 21655446 (ലാപ്സ്) | 23425926 രൂപ 31.03.2020 ൽ ട്രഷറിയിൽ ക്യൂ ബില്ലിൽ |
| ലൈബ്രറി ഗ്രാന്റ് | 0 | 23520 | 23520 | 23520 | 0 | |
| ബഡ്സ് സ്കൂൾ ഗ്രാന്റ് | 0 | 103751 | 103751 | 96521 | 7230 | നീക്കിയിരിപ്പ് |
| ദുരിതാശ്വാസ നിധി | 23111 | 933 | 24044 | 0 | 24044 | നീക്കിയിരിപ്പ് |
| പി.എം.എ.വൈ | 10036215 | 50468503 | 60504718 | 56814131 | 3690587 | നീക്കിയിരിപ്പ് |
| അംഗൻവാടി ന്യൂട്രീഷൻ | 0 | 4878251 | 4878251 | 4800000 | 78251 | നീക്കിയിരിപ്പ് |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 289 | 219751394 | 144 | 67302705 | 67 | 145 | 26.64% |

## 1-6 അയ്യങ്കാളി തൊഴിലുറപ്പ്

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | | | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| | | | പ്രൊജക്ട് ചെലവ് | ഭരണചെലവ് | ആകെ ചെലവ് | |
| 4309787 | 109004 | 4418791 | 3777874 | 442276 | 4220150 | 198641 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 33,960 | 22 |
| കർഷക തൊഴിലാളി പെൻഷൻ | 3,72,000 | 188 |
| വിധവാ പെൻഷൻ | 94,05,000 | 4584 |
| വാർദ്ധക്യകാല പെൻഷൻ | 1,61,57,400 | 8130 |
| വികലാംഗ പെൻഷൻ | 25,57,100 | 1289 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2,78,400 | 128 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന ഓഡിറ്റ് കാലയളവിൽ 24-08-2020, 29-09-2020, 23-03-2021 എന്നീ തീയതികളിൽ സ്ഥാപനതലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. മേൽ തീയതികളിലെല്ലാം ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

1)ഇൻകംബന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

2)നിർവ്വഹണോദ്യോഗസ്ഥരുടെ പ്രോജക്ട് ഫയലുകളിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ മോണിറ്ററിംഗ് റിപ്പോർട്ട് സൂക്ഷിക്കുന്നില്ല.

3) ഓഡിറ്റ് റിപ്പോർട്ടുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിൽ നഗരസഭയുടെ ഭാഗത്തുനിന്നും കാര്യക്ഷമമായ നടപടികൾ ഉണ്ടാകുന്നില്ല. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ്

റിപ്പോർട്ടുകളുടെ വിവരം ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 4-10 ൽ ചേർത്തിട്ടുണ്ട്.

## 1-10 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 21-10-2019 മുതൽ 23-10-2019 വരെ | 2018-19, 2019-20(1) | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20-09-2019 മുതൽ 20-10-2019 വരെ | 2018-19 | 07-12-2019 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1) B-17, RP 40(b) ഷെഡ്യൂളുകൾ പ്രകാരമുള്ള വിവിധ ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകയും പാസ്ബുക്ക്/സ്റ്റേറ്റ്മെന്റുകൾ പ്രകാരമുള്ള നീക്കിയിരിപ്പുകളും പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അക്കൗണ്ടുകളുടെ നീക്കിയിരിപ്പ് തുകകളിൽ വ്യത്യാസമുണ്ട്. ആയത് ക്രമീകരിക്കുന്ന റീകൺസിലിയേഷൻ പത്രികകളും സമർപ്പിച്ചിട്ടുണ്ടെങ്കിലും റീകൺസിലിയേഷൻ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ള പാസ് ബുക്ക് നീക്കിയിരിപ്പു തുകയിൽ വ്യത്യാസം കാണുന്നുണ്ട്.

| ക്രമ നം. | ബാങ്ക് അക്കൗണ്ട്/ട്രഷറി അക്കൗണ്ട് | AFS പ്രകാരം നീക്കിയിരിപ്പ് | പാസ്ബുക്ക് പ്രകാരം നീക്കിയിരിപ്പ് | റീ കൺസിലിയേഷൻ പത്രികയിലെ പാസ് ബുക്ക് നീക്കിയിരിപ്പ് |
|---|---|---|---|---|
| 1 | SBI Own Fund A/c No. 57003523 639 | 3,40,66,765.28 | 3,37,88,681.28 | 3,31,27,415.28 |
| 2 | SBI (D &O) A/c.No. 3826 2710 501 | 5,10,276 | 5,04,807 | 5,03,630 |
| 3 | SBI (EPF) A/c. No. 6732 7417 799 | 1,05,239 | 14,570 | 1,08,839 |
| 4 | TSB (Own Fund) | 57,20,103 | 57,64,103 | 57,20,103 |
| 5 | ICICI ബാങ്ക് 021905001257 | 23,77,445 | 23,25,245 | 23,41,245 |
| 6 | തിരൂർ SCB A/c. 4250 | 11,073 | 24,044 | 23,573 |

SBI (Own Fund), TSB (Own Fund) എന്നിവയിലെ അപാകത സാംഖ്യയിലെ സാങ്കേതികപ്രശ്നം കാരണമാണെന്നും മറ്റ് അക്കൗണ്ടുകളിലേത് മുൻവർഷങ്ങളിലെ വ്യത്യാസം കാരണമാണെന്നും നഗരസഭ വിശദീകരിച്ചിട്ടുണ്ട്.

2) വസ്തുനികുതി ഇനത്തിൽ 2018-19 വർഷത്തെ AFS പ്രകാരം കുടിശ്ശികയായി രേഖപ്പെടുത്തിയിട്ടുള്ളത് ആകെ 1,24,97,254 രൂപയാണ്. [65,10,076 (Current) + 59,87,178 (Arrear)]. എന്നാൽ 2019-20 AFS ലെ RP 37 ഷെഡ്യൂൾ പ്രകാരം തൻവർഷത്തെ വസ്തുനികുതി കുടിശ്ശിക ഇനത്തിലെ പിരിവ് തുക 1,78,16,564 രൂപ എന്നാണ്. 2018-19ൽ കുടിശ്ശികയായി കണക്കാക്കിയതിലും അധികം തുക വസ്തുനികുതി കുടിശ്ശിക ഇനത്തിൽ 2019-20 ൽ പിരിവ് ലഭിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. കൂടാതെ 2019-20 AFS ലെ ഷെഡ്യൂൾ B-15 പ്രകാരം 2019-20 ന മുമ്പുള്ള 68,35,612 രൂപ കുടിശ്ശികയിനത്തിൽ പിരിഞ്ഞു കിട്ടാൻ ബാക്കിയുള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്. 2018 മുതൽ നഗരസഭയിൽ നടപ്പാക്കിവരുന്ന വസ്തുനികുതി പരിഷ്കരണത്തിനെത്തുടർന്ന് ഡിമാൻഡ് ഉയർന്ന നിരക്കിൽ പുതുക്കി നിശ്ചയിച്ചതിനാലാണ് ഈ വ്യത്യാസം സംഭവിച്ചത് എന്നാണ് നഗരസഭ വിശദീകരിച്ചിട്ടുള്ളത്.

3) RP 3, RP 4, I-3, I-4 ഷെഡ്യൂളുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള Rent Remission And Refund – Other Rents (130909900) – (-6750), Remission And Refund – Licence Fees (140900101 – (-7010), Remission And Refund – Other Charges (140900203) – (-1000) എന്നീ രേഖപ്പെടുത്തലുകളുണ്ട്. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ, റസീറ്റ് ആന്റ് പെയ്മെന്റ് പത്രികകളിലെ 1-ലും 2 ലും തുടങ്ങുന്ന ശീർഷകങ്ങളിൽ നെഗറ്റീവ് സംഖ്യകൾ വരാൻ പാടില്ലാത്തതാണ്.

4) സ്ഥാപനത്തിലെ ബാധ്യതകൾ പരാമർശിക്കുന്ന ബാലൻസ് ഷീറ്റിലെ ബി9- Other Liabilities ഷെഡ്യൂളിൽ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഈടാക്കി അടവാക്കുന്ന 2020 മാർച്ച് മാസത്തെ ശമ്പള ബില്ലുകളിൽ Deduction തുകയും AFSരേഖപ്പെടുത്തലുകളും തമ്മിൽ താഴെ പരാമർശിക്കും പ്രകാരം വ്യത്യാസമുണ്ട്.

| | | |
|---|---|---|
| 350200104 Recoveries Payable Insurance Premium | 85,040 | 83,842 |
| 350200117 Saving Life Insurance | 70 | 60 |
| 350200129 Recoveries Payable Contributory Pension | 90,478 | 85,266 |

5) അക്രൂവൽ അടിസ്ഥാനത്തിലല്ലാതെ കണക്കാക്കുന്ന വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള പിരിവ് വിവരങ്ങളും എ.എഫ്.എസിലെ വിവരങ്ങളും തമ്മിൽ താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ക്രമ നം. | ശീർഷകം | രജിസ്റ്റർ പ്രകാരം | AFS പ്രകാരം |
|---|---|---|---|
| 1 | 140501000 Market Fees | 52,35,250 | 34,56,500 |
| 2 | 140501100 Bus Stand Fees | 11,30,000 | 7,53,330 |
| 3 | 140501200 Slaughter House Fees | 69,000 | 69,490 |
| 4 | 140501300 Lorry Taxi Auto And Other Vehicle Stand Fees | 5,88,620 | 3,57,785 |
| 5 | 130100200 Rent From Town Hall | 9,47,700 | 9,43,380 |
| 6 | 130100300 Rent From Stadium | 1,63,700 | 1,62,700 |
| 7 | 130101100 Rent From Conference Hall | 1,45,800 | 1,48,050 |

6)അക്രൂവൽ അടിസ്ഥാനത്തിൽ കണക്കാക്കപ്പെടുന്ന വരവിനങ്ങളുടെ ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കാണുന്നു.

എ.) വസ്തുനികുതി : പരിശോധനക്കായി സമർപ്പിച്ച സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡി.സി.ബി. വിവരങ്ങൾ പരിശോധിച്ചതിൽ ആയത് AFSലെ വിവരങ്ങളുമായി താഴെപറയുന്ന രീതിയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

| കുടിശിക | | | |
|---|---|---|---|
| | ഡിമാൻഡ് | കളക്ഷൻ | ബാലൻസ് |
| AFS | 1,24,97,254 | 1,78,16,564 | 68,35,612 |
| സഞ്ചയ | 4,65,50,707 | 1,84,92,693 | 2,81,34,999 |
| തൻവർഷം | | | |
| AFS | 3,25,00,000 | 2,41,49,475 | 87,68,051 |
| സഞ്ചയ | 4,14,90,089 | 2,33,99,654 | 1,67,03,673 |

ബി.) കടമുറികളുടെ വാടക : പരിശോധനക്കായി സമർപ്പിച്ച വാടക രജിസ്റ്ററിലെ ഡി.സി.ബി. വിവരങ്ങൾ പരിശോധിച്ചതിൽ ആയത് AFSലെ വിവരങ്ങളുമായി താഴെപറയുന്ന രീതിയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

| കുടിശിക | | | |
|---|---|---|---|
| | ഡിമാൻഡ് | കളക്ഷൻ | ബാലൻസ് |

| | | | |
|---|---|---|---|
| AFS | 39,48,949 | 16,85,600 | 22,63,349 |
| രജിസ്റ്റർ | 30,39,932 | 21,50,961 | 8,88,971 |
| തൻവർഷം | | | |
| AFS | 1,72,91,087 | 1,45,81,223 | 27,09,864 |
| രജിസ്റ്റർ | 1,72,54,688 | 1,36,16,152 | 36,38,536 |

സി.) തൊഴിൽ നികുതി : നഗരസഭയിലെ വിവിധ വാർഡുകളിൽ നിന്നുള്ള തൊഴിൽ നികുതി ഡി.സി.ബി. വിവരങ്ങൾ സമാഹരിച്ച് റിപ്പോർട്ട് തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

## 1-12 വരുമാന പത്രികക്കനുസരിച്ച് തൊഴിൽ നികുതി നിർണ്ണയിച്ചതിൽ കുറവ്

ലഭ്യമാക്കിയ വരുമാന പത്രികകൾ പരിശോധിച്ചതിൽ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2005ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്ന നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾക്ക് ഖണ്ഡിക 2-1 കാണുക.

## 1-13 അനർഹമായി മേഖല ഇളവ് നൽകി വസ്തുനികുതി നിർണ്ണയിച്ചു . 1760 രൂപ നഷ്ടം

14.01.2011ലെ സ.ഉ. (അ) നം.18/2011/ത.സ്വ.ഭ.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം വസ്തുനികുതി പരിഷ്കരിക്കുന്നതിനായി 19.07.2011ലെ 23-ാം കൗൺസിൽ തീരുമാന പ്രകാരം നഗരസഭയെ വിവിധ മേഖലകളായി തിരിച്ചിട്ടുണ്ട്. ആയത് പരിഗണിക്കാതെ വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നു. വിശദാംശങ്ങൾക്ക് ഖണ്ഡിക 2-2 കാണുക.

## 1-14 നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾ

1) നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയ രജിസ്റ്റർ, സഞ്ചയ സോഫ്റ്റ്‌വെയർ എന്നിവ പരിശോധിച്ചതിൽ യു.എ.സി. നമ്പർ നൽകിയ (രജിസ്റ്റർ പ്രകാരം) ചുവടെ കൊടുക്കുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ചത് നഗരസഭ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിർണ്ണയിച്ച് നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ. നം. | കെട്ടിട നം. | ഉടമയുടെ പേര്, വിലാസം | ഉപയോഗം- വിസ്തീർണ്ണം (ച.മീ.) | യു.എ.സി. രജിസ്റ്റർ പ്രകാരം നിർണ്ണയിച്ച നികുതി | | | ആകെ (₹) | നികുതി പ്രാബല്യ തീയ്യതി |
|---|---|---|---|---|---|---|---|---|
| | | | | വാർഷിക വസ്തു നികുതി (₹) | ഗ്രന്ഥശാല വരി (₹) | സേവന ഉപ നികുതി (₹) | | |
| 1 | UAC 37/1184A | കദീജ ഹൈറുന്നീസ, വലിയ വീട്ടിൽ | വാണിജ്യം 221.24 | 59736 | 2987 | 5974 | 68697 | 01.10.2018 |
| 2 | UAC 1/173A | സുന്ദരൻ, തെക്കേങ്ങാട്ട് | പാർപ്പിടം 140.36 | 4926 | 247 | 494 | 5667 | 01.10.2018 |
| 3 | UAC 37/610C | സുപ്രണ്ട്, ജില്ലാ ആശുപത്രി, തിരൂർ | മെഡിക്കൽ ഷോപ്പ് 20 | 900 | 45 | 90 | 1035 | 01.10.2017 |
| 4 | UAC 37/1522(1) | ഡോ. കെ.നൗഷാദ്, ഡോ.കെ. അബ്ദുൾ നാസർ | വാണിജ്യം 9.67 | 3138 | 157 | 314 | 3609 | 01.4.2014 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 5 | UAC 2/303 (1) | എരച്ചംമ്പാട്ട് ഹനീഫ | വാണിജ്യം 7.15 | 1656 | 83 | 166 | 1905 | 01.4.2014 |
| 6 | UAC 3/316 (1) | ദാനിഷ് ഹൈഡ്രോസ് | വാണിജ്യം 51.70 | 15357 | 768 | 1536 | 17661 | 01.4.2014 |
| 7 | UAC 3/316 (2) | ദാനിഷ് ഹൈഡ്രോസ് | വാണിജ്യം 194.85 | 57873 | 2894 | 5788 | 66555 | 01.4.2014 |
| 8 | UAC 15/2073 (1) | ഇ.പി. കോയസ്സൻ | വാണിജ്യം 128.5 | 32439 | 1622 | 3244 | 37305 | 01.4.2013 |
| 9 | UAC 15/2073 (2) | ഇ.പി. കോയസ്സൻ | വാണിജ്യം 137.5 | 34710 | 1736 | 3471 | 39917 | 01.4.2013 |
| 10 | UAC 15/501 (1) | കൈനിക്കര മുഹമ്മദ് ഹാജി | വാണിജ്യം 54.18 | 12519 | 636 | 1252 | 14397 | 01.4.2014 |
| 11 | UAC 15/509 (1) | മുഹമ്മദ് അഷ്റഫ്, കൈനിക്കര | വാണിജ്യം 39.06 | 9024 | 451 | 903 | 10378 | 01.4.2014 |

മേൽ കെട്ടിടങ്ങളുടെ നികുതി നിർണ്ണയം സംബന്ധിച്ച വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ 12.02.2021ലെ ഓഡിറ്റ് എൻക്വയറി നം. 16/2019-20ന് മറുപടിയായി ക്രമനമ്പർ 1 മുതൽ 7 വരെയുള്ള കെട്ടിടങ്ങൾക്ക് മേൽ പ്രകാരം സഞ്ചയ സോഫ്റ്റ്‌വെയറിൽ നികുതി നിർണയിച്ച് ഡിമാന്റ് നോട്ടീസ് നൽകിയതായി അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി രസീത് ഹാജരാക്കേണ്ടതാണ്. പട്ടികയിലെ ക്രമനമ്പർ 8 മുതൽ 11 വരെ കെട്ടിടങ്ങളുടെ വിവരം മറുപടിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയത് വിശദമാക്കേണ്ടതാണ്

2) ചുവടെ കൊടുക്കുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി യു.എ.സി നമ്പർ നൽകി യു.എ.സി. രജിസ്റ്ററിൽ നിർണ്ണയിച്ചിട്ടുണ്ടെങ്കിലും സഞ്ചയ സോഫ്റ്റ്‌വെയറിൽ നിയമാനുസൃതമായ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ചത് പ്രകാരമാണ് നിർണ്ണയിച്ചിട്ടുള്ളത്.

| ക്രമ. നം. | കെട്ടിട നം. | ഉടമയുടെ പേര്, വിലാസം | ഉപയോഗം-വിസ്തീർണ്ണം (ച.മീ.) | സഞ്ചയയിൽ നിർണ്ണയിച്ച നികുതി | യു.എ.സി. രജിസ്റ്ററിൽ നിർണ്ണയിച്ച നികുതി. | നികുതി പ്രാബല്യ തീയ്യതി |
|---|---|---|---|---|---|---|
| 1 | UAC 31/311C | ജനാർദ്ധനൻ.പി. | വാണിജ്യം 73.25 | 7924 | 17906 | 01.10.2015 |
| 2 | UAC 31/311D | ജനാർദ്ധനൻ.പി. | വാണിജ്യം 70.92 | 7507 | 16960 | 01.10.2015 |

മേൽ കെട്ടിടങ്ങൾ ക്രമവൽക്കരിച്ചതായി കെട്ടിട ഉടമ അറിയിച്ചിട്ടുണ്ടെന്നും, എന്നാൽ രജിസ്റ്റർ പരിശോധിച്ചതിൽ ടി. കെട്ടിടങ്ങൾ ക്രമവൽക്കരിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ കെട്ടിടങ്ങളുടെ വിവരം അറിയുന്നതിനായി എൻജിനീയറിങ് വിഭാഗത്തിലേക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെന്നുമാണ് 12.02.2021ലെ ഓഡിറ്റ് എൻക്വയറി നം. 16/2019-20ന് മറുപടിയായി നഗരസഭ അറിയിച്ചത്. ഇതുസംബന്ധിച്ച് കൈക്കൊണ്ട തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-15 നഗരസഭ ബസ്സ്റ്റാന്റ് കെട്ടിടത്തിലെ മുറി കൊറിയർ സർവ്വീസിന് അനുവദിച്ചത് - രേഖകൾ ഹാജരാക്കിയില്ല

ഫയൽ നം. ആർ4-22113/18

നഗരസഭ ബസ്സ്റ്റാന്റ് കെട്ടിടത്തിലെ കെ.എസ്.ആർ.ടി.സി.ക്ക് സൗജന്യമായി അനുവദിച്ചിരുന്നതും, നിലവിൽ ഉപയോഗിക്കാത്തതുമായ ക്യാബിൻ (എഫ്.എഫ്.20 നമ്പർ മുറി) കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണ

പ്രവർത്തനങ്ങളുടെ ഭാഗമായി വരുമാന വർദ്ധനവ് ലക്ഷ്യം വെച്ച് കൊണ്ട് എല്ലാ സ്റ്റേഷൻ മാസ്റ്റർ ഓഫീസുകളിലും സ്വകാര്യ കൊറിയർ സർവ്വീസ് ആരംഭിക്കുന്ന പദ്ധതിയിലേയ്ക്കായി നൽകാൻ പൊന്നാനി അസി. ട്രാൻസ്പോർട്ട് ഓഫീസർ നഗരസഭയോട് ആവശ്യപ്പെടുകയുണ്ടായി. ഈ വിഷയം കൗൺസിൽ ചർച്ച ചെയ്യുകയും കെ.എസ്.ആർ.ടി.സി. മറ്റൊരു സ്വകാര്യ വ്യക്തിക്ക് കൊറിയർ സർവ്വീസ് നടത്താൻ നൽകുന്ന വിഷയമായതിനാൽ സൗജന്യമായി അനുവദിക്കാൻ നിർവ്വാഹമില്ലെന്നും, പ്രതിമാസം 10,000 രൂപ ലൈസൻസ് ഫീസും 1 ലക്ഷം രൂപ ഡെപ്പോസിറ്റ് തുകയും ഈടാക്കി ടി മുറി നൽകാമെന്നും 14/26.09.2019 നമ്പർ കൗൺസിൽ തീരുമാനമാവുകയും ചെയ്തു. ഈ വിവരം കെ.എസ്.ആർ.ടി.സി.യെ 13.01.2020ലെ ആർ4-22113/18 കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. എന്നാൽ ടി കക്ഷി മുറി ഏറ്റെടുത്തതായോ ഡെപ്പോസിറ്റ് തുക, ലൈസൻസ് തുക എന്നിവ ഈടാക്കിയതായോ സംബന്ധിച്ച വിവരം ഫയലിൽ ലഭ്യമല്ല. ആയതിന്റെ വിശദാംശങ്ങളും, ടി കക്ഷി മുറി ഏറ്റെടുത്തിട്ടില്ലെങ്കിൽ പുനർ ലേലം ചെയ്യുന്നതിന് നടപടികളുടെ വിശദാംശങ്ങളും ആവശ്യപ്പെട്ട് നൽകിയ 12.01.2021ലെ ഓഡിറ്റ് എൻക്വയറി നം. 18/19-20ന് നഗരസഭ മറുപടി നൽകുകയോ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല. പ്രസ്തുത ക്യാബിൻ നിലവിലും ഒഴിഞ്ഞുകിടക്കുകയാണോ, അതോ നഗരസഭയുടെ നിർദ്ദേശം പാലിക്കാതെ സ്വകാര്യ കൊറിയർ സർവ്വീസിനോ മറ്റേതെങ്കിലും ഏജൻസിക്കോ നൽകിയിട്ടുണ്ടോ എന്നും നഗരസഭ അന്വേഷിക്കേണ്ടതും തൽസ്ഥിതി പരിശോധിച്ച് ഇത് സംബന്ധിച്ച അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഈ വിഷയം സംബന്ധിച്ചുള്ള നിലവിലെ അവസ്ഥയും രേഖകളും സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-16 ടൗൺ ഹാൾ ഫ്രണ്ടേജ് - ബൈലോ തയ്യാറാക്കുന്നത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല

ഫയൽ നം. ആർ4-15668/08

നഗരസഭയുടെ അധീനതയിലുള്ള ടൗൺ ഹാളിന് മുമ്പിലുള്ള ഗ്രൗണ്ട് (ടൗൺ ഹാൾ ഫ്രണ്ടേജ്) വിവിധ ആവശ്യങ്ങൾക്കായി വാടകയ്ക്ക് അനുവദിക്കുന്നത് സംബന്ധിച്ച് പ്രത്യേക ബൈലോ നിലവിലില്ലെന്നും, 30.04.2019 ലെ 6-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം ടൗൺ ഹാൾ ഫ്രണ്ടേജ് വാടകയ്ക്ക് അനുവദിക്കുന്നതിലേക്ക് ബൈലോ തയ്യാറാക്കുന്നതിന് ധനകാര്യ സ്ഥിരം സമിതിയെ ചുമതലപ്പെടുത്തിയെന്നും ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. ടൗൺ ഹാൾ ഫ്രണ്ടേജ് വിവിധ ആവശ്യങ്ങൾക്കായി വാടകയ്ക്ക് നൽകിയതായും ഫയൽ പരിശോധിച്ചതിൽ വ്യക്തമാണ്. എന്നാൽ മേൽ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടൗൺ ഹാൾ ഫ്രണ്ടേജ് ബൈലോ തയ്യാറാക്കിയിട്ടുണ്ടോയെന്ന വിവരം അറിയിക്കാനും ഇല്ലെങ്കിൽ ആയതിൻ മേൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ വിശദമാക്കാനും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 24.02.2021ലെ ഓഡിറ്റ് എൻക്വയറി നം. 31/19-20ന് നഗരസഭ മറുപടി നൽകുകയോ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല. ബൈലോ തയ്യാറാക്കാതെ ഏത് നിരക്കിലാണ് ഗ്രൗണ്ട് വിവിധ ആവശ്യങ്ങൾക്കായി വാടകയ്ക്ക് നൽകുന്നത് എന്ന് വ്യക്തമാക്കുന്ന രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-17 നഗരസഭയിൽ വ്യവസായ എസ്റ്റേറ്റുകൾ പ്രവർത്തനക്ഷമമല്ല

വ്യവസായം (പ്രാദേശിക സാമ്പത്തിക വികസനം) വർക്കിംഗ് ഗ്രൂപ്പിന്റെ 19.04.2017ലെ യോഗത്തിലാണ് നഗരസഭയിൽ ഒരു വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിന്റെ സാധ്യതകളെക്കുറിച്ച് പഠിക്കുന്നതിനായി കോട്ടക്കൽ നഗരസഭക്ക് കീഴിലുള്ള വ്യവസായ പാർക്ക് സന്ദർശിക്കാൻ തീരുമാനിച്ചത്. വർക്കിംഗ് ഗ്രൂപ്പിന്റെ 14.02.2018ൽ ചേർന്ന യോഗത്തിൽ 2018-19 വർഷത്തെ പ്രോജക്ടുകളിൽ നഗരസഭയിൽ ഒരു വ്യവസായ എസ്റ്റേറ്റ് തുടങ്ങുന്നതിനുള്ള പ്രോജക്ട് രൂപീകരിക്കുന്നതിന് നിർദ്ദേശം സമർപ്പിച്ചു. വർക്കിംഗ് ഗ്രൂപ്പിന്റെ 20.03.2018 ലെ യോഗത്തിൽ വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുന്നതിന് സ്ഥലം വാങ്ങുന്നതിനുള്ള ടോക്കൺ മണിയായി 8,00,000/- രൂപ വകയിരുത്താനും നിർദ്ദേശിച്ചു. എന്നാൽ വർക്കിംഗ് ഗ്രൂപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണോദ്യോഗസ്ഥനായ വ്യവസായ വികസന ഓഫീസർ പ്രോജക്ട് രൂപീകരിച്ച് നടപ്പിലാക്കിയില്ല. എന്നാൽ ടി നിർദ്ദേശം 2018-19 വർഷത്തിൽ നടപ്പിലാക്കാൻ സാധിക്കാത്തതിനാൽ, 12.10.2018ലെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ 2019-20 കാലയളവിൽ ടി പ്രോജക്ട് രൂപീകരിക്കുന്നതിന് നിർദ്ദേശം സമർപ്പിച്ചു. എന്നാൽ ടി കാലയളവിലും വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകളൊന്നും രൂപീകരിച്ച് നടപ്പിലാക്കിയതായി കാണുന്നില്ല.

വാർഡ് കൗൺസിലർമാർ മുഖേന ഓരോ വാർഡിലും അന്വേഷണം നടത്തിയെങ്കിലും വ്യവസായ എസ്റ്റേറ്റിന്

അനുയോജ്യമായ ഭൂമി കണ്ടെത്താൻ സാധിക്കാതിരുന്നതിനാലാണ് പ്രോജക്ട് രൂപീകരിച്ച് നടപ്പിലാക്കാതിരുന്നതെന്ന് 06.01.2021ലെ ഓഡിറ്റ് എൻക്വയറി നം. 16/2019-20ന് മറുപടിയായി വ്യവസായ വികസന ഓഫീസർ അറിയിച്ചിട്ടുണ്ട്. വ്യവസായ എസ്റ്റേറ്റിന് ഭൂമി ലഭ്യമാവുകയില്ല എന്ന ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 4 ാം വാർഡിൽ സ്ഥിതി ചെയ്യുന്ന വനിതാ വ്യവസായ കേന്ദ്രം കെട്ടിടത്തിൽ ഒരു ഇൻക്യൂബേഷൻ സെന്റർ സ്ഥാപിക്കുന്നതിന് 2020-21 വർഷത്തിൽ 6,00,000 രൂപ വകയിരുത്തിയിട്ടുണ്ടെന്നും ആയതിന്റെ നിർവ്വഹണ ജോലികൾ നടന്നുവരികയാണെന്നും ബോധിപ്പിച്ചിട്ടുണ്ട്. പ്രസ്തുത വനിതാ വ്യവസായ കേന്ദ്രത്തെ സംബന്ധിച്ചുള്ള 27.01.2021ലെ ഓഡിറ്റ് എൻക്വയറി നം. 34/2019-20ന് മറുപടിയായി താഴെപ്പറയുന്ന വിവരങ്ങൾ വ്യവസായ വികസന ഓഫീസർ അറിയിച്ചിട്ടുണ്ട്

സ്ത്രീ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നത് ലക്ഷ്യമിട്ട് നഗരസഭ ആരംഭിച്ച വനിതാ വ്യവസായ കേന്ദ്രം സ്ഥിതി ചെയ്യുന്ന 2 ആർ (200 ച.മീ) വിസ്തൃതിയുള്ള ഭൂമി ശ്രീമതി. കീഴേടത്ത് സൗമിനി എന്നയാൾ 1999ൽ നഗരസഭയ്ക്ക് സൗജന്യമായി നൽകിയതാണ്. ഭൂമിയുടെ അതിരുകൾ കരിങ്കല്ല് കെട്ടി തിരിച്ചിട്ടുണ്ടെന്നും ചുറ്റുമതിൽ, ഗേറ്റ് എന്നിവ നിർമ്മിക്കുന്നതിനായി 2020-21ൽ നഗരസഭ അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് വച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

പ്രസ്തുത ഭൂമിയിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ പര്യാപ്തമായ 123.19 ച.മീ. വിസ്തൃതിയുള്ള കെട്ടിടം ഉണ്ടെങ്കിലും അനുബന്ധ സൗകര്യങ്ങൾ നിലവിലില്ല. ഈ കേന്ദ്രത്തിൽ 2011-12 വർഷത്തിൽ ഒരു ബാഗ് നിർമ്മാണ യൂണിറ്റും, 2016-17 വർഷം മുതൽ 2020 വരെ ബഡ്സ് സ്കൂളും പ്രവർത്തിച്ചിരുന്നു. 2021-22 വർഷത്തിൽ പ്രസ്തുത കെട്ടിടത്തിൽ 2 വനിതാ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പ്രോജക്ട് വ്യവസായ വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഒരു ഗ്രൂപ്പിൽ 5 പേർ വീതം അടങ്ങിയ 2 ഗ്രൂപ്പുകൾക്ക് പദ്ധതി അടങ്കലിന്റെ 85% സബ്സിഡി ബാക്ക് എൻഡ് ആയി നൽകുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

ഭൂമി ആർജ്ജിച്ച് രണ്ട് പതിറ്റാണ്ടായിട്ടും പ്രസ്തുത കേന്ദ്രത്തിൽ വ്യവസായ യൂണിറ്റുകൾ വിജയകരമായി പ്രവർത്തിച്ചുവരുന്നില്ല എന്നാണ് വ്യക്തമാകുന്നത്. വനിതകളുടെ സാമൂഹികവും സാമ്പത്തികവുമായ പുരോഗതിയ്ക്ക് സഹായകമായേക്കാവുന്ന ഇത്തരം ഒരു പദ്ധതി പൂർണതോതിൽ പ്രവർത്തനക്ഷമമാക്കുന്നതിൽ നഗരസഭയുടെ ഭാഗത്തുനിന്ന് ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കേണ്ടതാണ്. വനിതാ വ്യവസായകേന്ദ്രത്തിന്റെ ഉദ്ദേശ്യലക്ഷ്യം കൈവരിക്കുന്നതിന് ഉതകുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 ചെറുകിട വ്യവസായ പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുന്നത് കാര്യക്ഷമമല്ല

14.02.2018ലെ സ.ഉ.(കൈ) നം. 22/2018/ത.സ്വ.ഭ.വ. സബ്സിഡി മാർഗ്ഗ രേഖ ഖണ്ഡിക 6.4 "ചെറുകിട വ്യവസായം" വിഭാഗത്തിൽ നൽകിയിട്ടുള്ള 16 ഇനങ്ങൾക്ക് നഗരസഭയ്ക്ക് പ്രോജക്ടുകൾ രൂപീകരിച്ച് സബ്സിഡി ധനസഹായങ്ങൾ നൽകാവുന്നതാണ്. മേൽ ഉത്തരവ് ഖണ്ഡിക 6.4 ക്രമ നം.21 പ്രകാരം സുസ്ഥിരമായ വികസനത്തിന് പ്രവാസികൾ ഉൾപ്പെടെയുള്ള യുവ സംരംഭകരുടെ കൂട്ടായ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുന്നതിന് റിവോൾവിംഗ് ഫണ്ടോ ധനകാര്യ സ്ഥാപന വായ്പകൾക്കുള്ള പലിശ സബ്സിഡിയോ ആയാണ് ധനസഹായം നൽകേണ്ടത്.

നഗരസഭയുടെ "ചെറുകിട വ്യവസായം സൂക്ഷ്മ സ്ഥാപനങ്ങൾ പ്രാദേശിക സാമ്പത്തിക വികസനം" സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം നഗരസഭയിൽ സംരംഭക യൂണിറ്റുകളും വ്യവസായ യൂണിറ്റുകളും തൊഴിൽ ഗ്രൂപ്പുകളും പ്രവർത്തിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പേര് | ഗ്രൂപ്പ് എണ്ണം | ആകെ അംഗങ്ങൾ |
|---|---|---|
| അയൽക്കൂട്ടം | 279 | 4645 |
| JLG | 25 | 1000 |
| തൊഴിൽ ഗ്രൂപ്പുകൾ | 26 | 42 |
| പാട്ട കൃഷി ഗ്രൂപ്പ് | 25 | 100 |
| Linkage വായ്പയെടുത്തിട്ടുള്ള ഗ്രൂപ്പുകൾ | 129 | 2193 |
| SHG (സ്ത്രീകൾ) | | 279 |
| SHG തൊഴിൽ ഗ്രൂപ്പ് | | 28 സ്ത്രീകൾ |

| | | |
|---|---|---|
| SHG Linkage വായ്പയെടുത്തിട്ടുള്ള ഗ്രൂപ്പുകൾ | | 129 സ്ത്രീകൾ |
| ചെറുകിട വ്യവസായ യൂണിറ്റ് | 294 | 986 തൊഴിലാളികൾ |
| ചെറുകിട തൊഴിൽ സംരംഭങ്ങൾ | 29 യൂണിറ്റ് | |

വ്യവസായം (പ്രാദേശിക സാമ്പത്തിക വികസനം) വർക്കിംഗ് ഗ്രൂപ്പ് യോഗ മിനുട്സ് പരിശോധിച്ചതിൽ എല്ലാ വർഷവും വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്ന് പ്രോജക്ടുകൾ രൂപീകരിക്കുന്നതിന് വിഷയങ്ങൾ നിർദ്ദേശിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു. (മിനുട്സ് പ്രകാരമുള്ളത്)

| വർഷം | വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശിച്ച വിഷയങ്ങളുടെ എണ്ണം. | അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം. | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം. | അടങ്കൽ | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 2016-17 | 4 | 2 | 0 | 950000 | 0 | 0 |
| 2017-18 | 8 | 8 | 0 | 1450000 | 0 | 0 |
| 2018-19 | 10 | 1 | 1 | 480000 | 40000 | 8.3 |
| 2019-20 | 6 | 2 | 2 | 209780 | 159780 | 76 |

നഗരസഭയുടെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം 12ാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ 4 വർഷങ്ങളിലും 13ാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ വർഷത്തിലും പ്രോജക്ടുകളൊന്നും നടപ്പിലാക്കിയിട്ടില്ല.

സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം 13ാം പഞ്ചവത്സര പദ്ധതി കാലയളവിൽ 2019-20 വർഷത്തിൽ കൈവരിക്കാവുന്ന ലക്ഷ്യങ്ങളായി കാർഷികാധിഷ്ഠിത മൂല്യ വർദ്ധിത ഉൽപാദന യൂണിറ്റുകൾ - (1500കി.ഗ്രാം.), പ്ലാസ്റ്റിക് ക്യാരി ബാഗിനു പകരം നോൺ വൂവൺ ക്യാരി ബാഗ് (700 എണ്ണം), പർദ്ദ നിർമ്മാണ യൂണിറ്റുകൾ (500) എന്നിവ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ മേൽ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനാവശ്യമായ പ്രോജക്ടുകൾ രൂപീകരിച്ച് നടപ്പാക്കിയിട്ടില്ല.

നഗരസഭയിൽ സംരംഭക യൂണിറ്റുകളും വ്യവസായ യൂണിറ്റുകളും തൊഴിൽ ഗ്രൂപ്പുകളും പ്രവർത്തിക്കുകയും വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ പ്രോജക്ടുകൾ രൂപീകരിക്കുന്നതിന് വിഷയങ്ങൾ നിർദ്ദേശിക്കുകയും ആയതിനനുസരിച്ച് തുക നീക്കിവെക്കുകയും ചെയ്യുന്നുണ്ടെങ്കിലും ടി വിഭാഗത്തിൽ പ്രോജക്ടുകൾ രൂപീകരിച്ച് നടപ്പിലാക്കുന്നത് നാമ മാത്രമാണ്. അനുകൂലമായ ഘടകങ്ങൾ ഉണ്ടായിട്ടും പ്രോജക്ടുകൾ രൂപീകരിച്ച് നടപ്പിലാക്കാത്തതിനുള്ള കാരണം വിശദമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ 23.12.2020ലെ ഓഡിറ്റ് എൻ-ക്വയറി നം. 11/2019-20ന് വ്യവസായ വികസന ഓഫീസർ മറുപടി നൽകിയിട്ടുണ്ട്.

ചെറുകിട വ്യവസായ ഗ്രൂപ്പിൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് പരിമിതികളുണ്ടെന്നാണ് മറുപടിയിൽ ബോധിപ്പിച്ചിട്ടുള്ളത്. മാർഗ്ഗ നിർദ്ദേശ രേഖകൾ പ്രകാരം പദ്ധതികൾ വായ്പാ ബന്ധിതമായിരിക്കേണ്ടതുണ്ട്. ലോൺ അക്കൗണ്ടിലേയ്ക്ക് ബാക്ക് എൻഡ് ആയിട്ടാണ് സബ്സിഡി നൽകേണ്ടത്. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ അംഗീകാരം ലഭിച്ച് തുക നീക്കിവെക്കുന്ന പദ്ധതികൾക്ക് അപേക്ഷ ക്ഷണിച്ച് ഗുണഭോക്താക്കളുടെ യോഗം വിളിക്കുന്നുണ്ടെങ്കിലും ബാങ്ക് വായ്പ എടുക്കുന്നതിനോട് അപേക്ഷകർ കാണിക്കുന്ന വിമുഖത പദ്ധതികളുടെ നടത്തിപ്പിന് വിലങ്ങുതടിയാവുന്നു എന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.ഇത്തരത്തിലുള്ള പ്രൊജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനു മുൻപ് വ്യക്തമായ മുന്നൊരുക്കവും ഗുണഭോക്താക്കളെ ബോധവൽക്കരിക്കലും അനിവാര്യമാണ്.ഇതിന്റെ അഭാവം കൊണ്ടാണ് ബാങ്ക് വായ്പ എടുക്കുന്നതിന് സംരഭകർ വിമുഖത കാണിക്കുന്നത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഈ വിഷയങ്ങൾ പരിഹരിച്ച് വരും വർഷങ്ങളിൽ ജനോപകാരപ്രദമായ പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-19 വിവിധ ഫീസ് പിരിവുകളിലെ കടിശ്ശിക ഈടാക്കിയില്ല,2,66,057/-രൂപ നഷ്ടം

തിരൂർ നഗരസഭ മാർക്കറ്റ് ഗുഡ്സ് ഓട്ടോ പാർക്കിംഗ് ഫീസ് പിരിവ്, ഇ.എം.എസ്. ചിൽഡ്രൻസ് പാർക്ക്, ഇ.എം.എസ് പാർക്ക് പരിസര പാർക്കിംഗ് ഫീസ് പിരിവ്, എന്നിവ 2019-20 സാമ്പത്തിക വർഷം ലേലം കൊണ്ട വ്യക്തികൾ, ലേലത്തുക പൂർണ്ണമായും നഗരസഭയിൽ അടവാക്കിയിട്ടില്ല. വിശദാംശങ്ങൾക്ക് ഖണ്ഡിക 2-3 കാണുക

## 1-20 അനധികൃതമായി പ്രവർത്തിച്ചുകൊണ്ടിരുന്ന സ്വകാര്യ വണ്ടിത്താവളങ്ങൾക്കെതിരെ

നടപടി സ്വീകരിച്ചില്ല. ലൈസൻസ് ഫീ ഇനത്തിൽ 64,000/-രൂപ നഷ്ടം

ഫയൽ നമ്പർ. ആർ4-15519/19

തിരൂർ നഗരസഭ പരിധിയിൽ അനധികൃതമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്വകാര്യ വണ്ടിത്താവളങ്ങളിൽ നിന്ന് കേരള മുനിസിപ്പൽ ആക്ട് സെക്ഷൻ 475(5) പ്രകാരമുള്ള ഫീസ് ഈടാക്കി ലൈസൻസ് അനുവദിക്കുന്നില്ല. വിശദാംശങ്ങൾക്ക് ഖണ്ഡിക 2-4 കാണുക.

## 1-21 നഗരസഭ കെട്ടിടങ്ങളുടെ വാടക കുടിശ്ശിക അരിയർ ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല 66,78,468 രൂപ കുടിശ്ശിക.

നഗരസഭയുടെ അധീനതയിലുള്ള കെട്ടിടങ്ങൾ, കടമുറികൾ എന്നിവ വാടകക്ക് നൽകിയ ഇനത്തിൽ 2019-20 വർഷത്തിൽ 36,38,536/- രൂപ കുടിശ്ശികയുള്ളതായി ഡിമാന്റ് രജിസ്റ്റർ പരിശോധനയിൽ വ്യക്തമാകുന്നുണ്ട്. 2018-19 വർഷത്തിൽ 30,39,932/- രൂപ വാടകയിനത്തിൽ കുടിശ്ശികയുണ്ട്. ആയതിന് അരിയർ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ കുടിശ്ശികയിനത്തിൽ എത്ര രൂപ പിരിഞ്ഞുകിട്ടി, ശേഷിക്കുന്ന തുക എത്ര എന്ന വിവരങ്ങൾ വ്യക്തമല്ല. മേൽ തുക ഏത് വർഷം മുതലുള്ള കുടിശ്ശിക ഉൾപ്പെട്ടതാണെന്നും വ്യക്തമല്ല. എന്നാൽ വാർഷിക കണക്കിൽ 2018-19 വർഷത്തെ കുടിശ്ശികയിൽ 2150961/- രൂപ പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഡിമാന്റ് രജിസ്റ്ററിൽ അത് സംബന്ധിച്ച് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ കുടിശ്ശിക പിരിച്ചെടുത്തത് സംബന്ധിച്ച് ആധികാരികമായ വിവരം ലഭ്യമല്ല. 2018-19 വർഷത്തിലെ കുടിശ്ശിക തുക2019-20 വർഷത്തെ ഡിമാന്റ് രജിസ്റ്ററിലേക്ക് ചേർക്കുകയോ ആയത് പിരിച്ചെടുത്തത് സംബന്ധിച്ച് റസീറ്റ് നമ്പർപ്രകാരമുള്ള വിവരങ്ങൾ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഇത് ശരിയായ നടപടിയല്ല. ഇത്തരത്തിൽ രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കാത്തതിനാൽ വാടക കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കാനാവില്ല. വാടക നഷ്ടമാകാനും കാരണമാകും. അരിയർ ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടും, കൂടാതെ 2018-19, 2019-20 വർഷങ്ങളിലെ ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള കുടിശ്ശിക തുകകളിൽ എത്ര രൂപ വീതം പിരിച്ചെടുത്തു, ശേഷിക്കുന്ന തുകയെത്ര, കുടിശ്ശിക വരുത്തിയ ജീവനക്കാർക്ക് നോട്ടീസ് നൽകി നിയമാനുസൃത നടപടികൾ സ്വീകരിച്ചത് സംബന്ധിച്ചും, 2020-21 വർഷത്തെ ഡിമാന്റ് രജിസ്റ്ററിൽ 2019-20 വർഷത്തെ കുടിശ്ശിക രേഖപ്പെടുത്തി കുടിശ്ശിക പിരിച്ചെടുക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചത് സംബന്ധിച്ചും, വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ട് 21-4-12 ലെ ഓഡിറ്റ് എൻക്വയറി നമ്പർ 27/2019-20 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും നഗരസഭ മറുപടിയൊന്നും ലഭ്യമാക്കിയില്ല. നഗരസഭയുടെ പ്രധാന വരുമാനയിനങ്ങളിലൊന്നായ വാടകയിനത്തിലെ കുടിശ്ശിക പിരിച്ചെടുക്കുന്നതിലും ആയത് സംബന്ധിച്ച രേഖ സൂക്ഷിക്കുന്നതിലും നഗരസഭയുടെ ഭാഗത്തുനിന്നും ഉണ്ടാകുന്ന വീഴ്ച അതീവ ഗുരുതരവും അടിയന്തിര പരിഹാര നടപടികൾ ആവശ്യമുള്ളതുമാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിനും അതു വഴി നഗരസഭയ്ക്ക് ഉണ്ടാകുന്ന വരുമാന നഷ്ടം ഇല്ലാതാക്കുന്നതിനും അടിയന്തിര നടപടികൾ കൈകൊള്ളേണ്ടതാണ്.

## 1-22 മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല - 11,75,268 രൂപ – കുടിശ്ശിക

നഗരസഭയുടെ 2019-20 സാമ്പത്തിക വർഷത്തെ മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ 2019-20 വർഷം അനുവദിച്ച മുൻകൂറുകൾ മുഴുവൻ ക്രമീകരിച്ചിട്ടുണ്ടെങ്കിലും, 03-05-1972 മുതൽ 31-03-2019 വരെയുള്ള കാലയളവിൽ അനുവദിച്ച മുൻകൂർ തുകയായ 11,75,268.85 രൂപ നാളിതുവരെയും ക്രമീകരിച്ചതായി കാണുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മുൻകൂർ എടുത്ത ജീവനക്കാർ/ ജീവനക്കാരന്റെ പേര് | കാലയളവ്/ തീയതി | തുക | ഏത് ആവശ്യത്തിലേക്ക് |
|---|---|---|---|---|
| 1 | വിവിധ ജീവനക്കാർ/ ഏജൻസികൾ | 1972-73 | 280 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക് |
| 2 | വിവിധ ജീവനക്കാർ/ ഏജൻസികൾ | 1973-74 | 11,179.12 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക് |
| 3 | വിവിധ ജീവനക്കാർ/ | 1974-75 | 44,295.25 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക് |

| | | | | |
|---|---|---|---|---|
| | ഏജൻസികൾ | | | |
| 4 | വിവിധ ജീവനക്കാർ/ ഏജൻസികൾ | 1975-76 | 34,837.39 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക് |
| 5 | വിവിധ ജീവനക്കാർ/ ഏജൻസികൾ | 1976-77 | 6,301 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക് |
| 6 | വിവിധ ജീവനക്കാർ/ ഏജൻസികൾ | 1977-78 | 2,11,505.57 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക് |
| 7 | വിവിധ ജീവനക്കാർ/ ഏജൻസികൾ | 1978-79 | 15,561.23 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക് |
| 8 | വിവിധ ജീവനക്കാർ/ ഏജൻസികൾ | 1979-80 | 838.92 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക് |
| 9 | വിവിധ ജീവനക്കാർ/ ഏജൻസികൾ | 1980-81 | 2,49,016.67 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക് |
| 10 | വിവിധ ജീവനക്കാർ/ ഏജൻസികൾ | 1981-82 | 3,18,478 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക് |
| 11 | വിവിധ ജീവനക്കാർ/ ഏജൻസികൾ | 1982-83 | 21,826.25 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക് |
| 12 | വിവിധ ജീവനക്കാർ/ ഏജൻസികൾ | 1983-84 | 27,722.25 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക് |
| 13 | വിവിധ ജീവനക്കാർ/ ഏജൻസികൾ | 1984-85 | 5,400 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക് |
| 14 | വിവിധ ജീവനക്കാർ/ഏജൻസികൾ | 1985-86 | 200 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക് |
| 15 | വിവിധ ജീവനക്കാർ/ഏജൻസികൾ | 1986-87 | 24,089.40 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക് |
| 16 | വിവിധ ജീവനക്കാർ/ഏജൻസികൾ | 1987-88 | 19,592.80 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക് |
| 17 | വിവിധ ജീവനക്കാർ/ഏജൻസികൾ | 1988-89 | 140 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക് |
| 18 | വിവിധ ജീവനക്കാർ/ഏജൻസികൾ | 1989-90 | 6,600 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക് |
| 19 | വിവിധ ജീവനക്കാർ/ഏജൻസികൾ | 1990-91 | 610 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക് |
| 20 | വിവിധ ജീവനക്കാർ/ഏജൻസികൾ | 1991-92 | 2,188 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക് |
| 21 | വിവിധ ജീവനക്കാർ/ഏജൻസികൾ | 1992-93 | 16,260 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക് |
| 22 | വിവിധ ജീവനക്കാർ/ഏജൻസികൾ | 1993-94 | 1,510 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക് |

| | | | | |
|---|---|---|---|---|
| 23 | വിവിധ ജീവനക്കാർ/ഏജൻസികൾ | 1994-95 | 550 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക് |
| 24 | വിവിധ ജീവനക്കാർ/ഏജൻസികൾ | 1995-96 | 2,463 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക് |
| 25 | വിവിധ ജീവനക്കാർ/ഏജൻസികൾ | 1997-98 | 660 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക് |
| 26 | വിവിധ ജീവനക്കാർ/ഏജൻസികൾ | 1998-99 | 1,000 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക് |
| 27 | വിവിധ ജീവനക്കാർ/ഏജൻസികൾ | 1999-2000 | 15,850 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക് |
| 28 | വിവിധ ജീവനക്കാർ/ഏജൻസികൾ | 2000-01 | 7,000 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക് |
| 29 | വിവിധ ജീവനക്കാർ/ഏജൻസികൾ | 2001-02 | 2,000 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക് |
| 30 | വിവിധ ജീവനക്കാർ/ഏജൻസികൾ | 2002-03 | 1,000 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക് |
| 31 | വിവിധ ജീവനക്കാർ/ഏജൻസികൾ | 2006-07 | 2,000 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക് |
| 32 | വിവിധ ജീവനക്കാർ/ഏജൻസികൾ | 2008-09 | 4,974 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക് |
| 33 | വിവിധ ജീവനക്കാർ/ഏജൻസികൾ | 2010-11 | 6,500 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക് |
| 34 | വിവിധ ജീവനക്കാർ/ഏജൻസികൾ | 2014-15 | 10,000 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക് |
| 35 | വിവിധ ജീവനക്കാർ/ഏജൻസികൾ | 2007-08 | 66,300 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക് |
| 36 | ശ്രീ. അരുൺ ശേഖർ.കെ. സീനിയർ ക്ലാർക്ക് | 29-05-2018 | 3000/- | KL55X 1655 കാറിന്റെ മൈലേജ് ടെസ്റ്റ് നടത്തുന്നതിന് |
| 37 | ശ്രീ. അരുൺ ശേഖർ.കെ. സീനിയർ ക്ലാർക്ക് | 29-06-2018 | 25,290 | KL55 K 7755, KL55 G 7000 എന്നീ വാഹനങ്ങളുടെ ഇൻഷ്വർ തുക അടവാക്കുന്നതിന് |
| 38 | ശ്രീ.ടി.പി. മുഹമ്മദ് അഷ്റഫ് ജെ.എച്ച്.എെ. | 21-08-18 | 8,250 | കാലവർഷ കെടുതിയിൽ നഗരസഭ പ്രദേശത്തെ വീടുകളിൽ ശുചീകരണ പ്രവർത്തനത്തിന് ബ്ലീച്ചിംഗ് പൗഡർ വാങ്ങുന്നതിന് |
| | | | 11,75,268.85 | |

10-07-2012 ലെ ജി.ഒ(പി) നമ്പർ. 390/2012 ധന. പ്രകാരം ഭേദഗതി വരുത്തിയ ആർട്ടിക്കിൾ 99 കെ.എഫ്.സി. പ്രകാരം മുൻകൂറുകൾ ചെലവഴിച്ചതിന്റെ അഡ്ജസ്റ്റ്മെന്റ് ബിൽ 3 മാസത്തിനകം സമർപ്പിച്ചില്ലങ്കിൽ മുൻകൂറുകൾ പിൻവലിച്ച തീയതി മുതൽ തിരിച്ചു പിടിക്കുന്ന തീയതിവരെ 18% നിരക്കിൽ പലിശ സഹിതം മുഴവൻ തുകയും തിരിച്ചു പിടിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വർഷങ്ങളായുള്ള മുൻകൂറുകൾ സമയപരിധിക്കകം ക്രമീകരിക്കുകയോ തിരിച്ചുപിടിക്കുകയോ ചെയ്യാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 21-04-2021 ന് 36/2019-20 നമ്പർ പ്രകാരം

ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ആയതിന് നൽകിയ മറുപടികൾ 1972 മുതൽ 1982 കൂടിയ കാലത്തെ മുൻകൂറുകൾ എഴുതി തള്ളുന്നതിനായി 22-12-2009 ലെ എ2-4882/09 നമ്പർ പ്രകാരം റീജ്യണൽ ജോയിന്റ് ഡയറക്ടർക്ക് അയച്ചിട്ടുണ്ടെന്നും മുൻകൂർ തുക വാങ്ങിയ പലരും ഇന്ന് ജീവിച്ചിരിപ്പില്ലാത്തതും, നിയമപരമായി തുക വസൂലാക്കാൻ സാധിക്കാത്തതുമാണെന്നും അറിയിച്ചിട്ടുണ്ട്.

മേൽ നമ്പർ ഫയൽ പരിശോധിച്ചതിൽ ജോയിന്റ് ഡയറക്ടർക്ക് കത്ത് അയച്ചിട്ടുണ്ടെങ്കിലും തുടർ നടപടികൾ ഒന്നും നടന്നതായി കാണുന്നില്ല. തിരിച്ചുപിടിക്കാൻ കഴിയാത്തവ സംബന്ധിച്ച് മേൽ പ്രകാരം അടിയന്തിരമായി പരിഹാരം കണ്ട് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മുൻകൂർ വാങ്ങിയ പല തുകകളും അന്തിമ ബില്ല് അനുവദിക്കുന്ന അവസരത്തിലും ബാധ്യതാരഹിത സാക്ഷ്യപത്രം അനുവദിക്കുന്ന അവസരത്തിലും ക്രമീകരിച്ചിട്ടുള്ളതാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. അപ്രകാരമുള്ളവ മുൻകൂർ രജിസ്റ്ററിൽ തദനുസരണമായ രേഖപ്പെടുത്തലുകൾ വരുത്തി പരിശോധനക്ക് സമർപ്പിക്കേണ്ടതാണ്.

## 1-23 2019-ലെ മഴക്കാലപൂർവ്വ ശുചീകരണം-പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കിയില്ല.

ഫയൽ നമ്പർ. എച്ച്3-9115/16

ഫയൽ നമ്പർ.എച്ച്3-3323/20

02-05-2019 ലെ ജി.ഒ.(ആർ.റ്റി) നമ്പർ. 923/19/LSGD നമ്പർ ഉത്തരവ് പ്രകാരം 2019 ലെ മഴക്കാലപൂർവ്വ ശുചീകരണ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനായി നഗരസഭകൾക്ക് വാർഡ് ഒന്നിന് ശുചിത്വ മിഷൻ വിഹിതമായ 10,000/- രൂപയും തനത് ഫണ്ടിൽ നിന്ന് 5,000/- രൂപയും ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവായിട്ടുണ്ട്. ശുചിത്വ മിഷൻ വിഹിതമായ 10,000/- രൂപ 2019-20 വർഷത്തെ ശുചിത്വ മിഷൻ വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് സ്ഥാപനങ്ങൾക്ക് റീ ഇമ്പേഴ്സ് ചെയ്ത് നൽകുന്നതാണെന്ന് മേൽ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരൂർ നഗരസഭയിലെ വാർഡ് ഒന്നിന് 15,000/- രൂപ നിരക്കിൽ 38 വാർഡുകൾക്കായി 5,70,000/- രൂപ നഗരസഭ ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനായി 31-08-2019 ലെ 17(30) നമ്പർ തീരുമാന പ്രകാരം കൗൺസിൽ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ തുടർ പ്രവർത്തനങ്ങളുടെ വിവരം ഇതുമായി ബന്ധപ്പെട്ട് ഫയലിൽ നിന്ന് വ്യക്തമാകുന്നില്ല. ഇതുമായി ബന്ധപ്പെട്ട് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 30-11-2020 ലെ 05/2019-20 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ 31-08-2019 ലെ കൗൺസിൽ തീരുമാനം നടപ്പിലാക്കിയിട്ടില്ലായെന്നും ഇത് സംബന്ധിച്ച തുടർ പ്രവർത്തനങ്ങൾ സ്വീകരിച്ചത് എച്ച് 3-3323/20 ഫയലിലാണെന്നും അറിയിച്ചു. പ്രസ്തുത ഫയൽ പരിശോധിച്ചതിൽ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 14-01-2020 ലെ 6 ടി/ഡി/18/SM നമ്പർ കത്ത് പ്രകാരം 3,80,000 രൂപ നഗരസഭ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുകയും ടി തുക 15-04-2020 ന് 671074 നമ്പർ ചെക്ക് പ്രകാരം നഗരസഭ അക്കൗണ്ടിൽ നിന്നും വാർഡ് സാനിറ്റേഷൻ സമിതി അക്കൗണ്ടിലേക്ക് ഓരോ വാർഡിനും 10,000 രൂപ നിരക്കിൽ ക്രെഡിറ്റ് ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്. ആയതിന് 28-10-2020 എച്ച്3/3323/20 നമ്പർ പ്രകാരം നഗരസഭ സെക്രട്ടറി, ശുചിത്വ മിഷൻ ഡയറക്ടർക്ക് വിനിയോഗ സാക്ഷ്യപത്രം അയച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ മേൽ പ്രവർത്തനങ്ങളിൽ നിന്നും 2019-20 ലെ മഴക്കാല പൂർവ്വ ശുചീകരണം സമയബന്ധിതമായി നടപ്പിലാക്കിയിട്ടില്ലായെന്ന് വ്യക്തമാണ്. 2019-20 ലേത് മഴക്കാലത്തിനു മുമ്പ് പൂർത്തീകരിക്കേണ്ടതായിരുന്നു. 02-05-2019 ലെ ഉത്തരവിൽ ഓരോ വാർഡിനും 15,000/- രൂപ വരെ ചെലവാക്കാൻ യഥേഷ്ടാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ശുചിത്വ മിഷൻ വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് സ്ഥാപനങ്ങൾക്ക് റീ ഇമ്പേഴ്സ് ചെയ്തു നൽകുന്നതാണെന്നും മേൽ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നഗരസഭ സമയബന്ധിതമായി തുക അനുവദിക്കുകയോ ശുചീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയോ ചെയ്തിട്ടില്ല. ശുചിത്വ മിഷനിൽ നിന്നും തുക ലഭിച്ചതിനുശേഷം മാത്രമാണ് വാർഡ് സാനിറ്റേഷൻ സമിതികൾക്ക് തുക അനുവദിച്ചത്. ഇത് മേൽ ഉത്തരവിനും 31-08-2019 ലെ കൗൺസിൽ തീരുമാനത്തിനും വിരുദ്ധമായ പ്രവർത്തനമാണ്. ഇതോടൊപ്പം 2020-21, 2021-22 എന്നീ വർഷങ്ങളിലെ ശുചീകരണത്തിനായുള്ള തുകകൾ ഉൾപ്പെടെ 14 മാസത്തിനുള്ളിൽ ഓരോ വാർഡിനും 30,000/- രൂപ അനുവദിക്കുകയുണ്ടായി. ഇപ്രകാരം തുകകൾ അനുവദിച്ചാൽ പ്രവർത്തനങ്ങൾ ഫലപ്രദമാകുകയില്ല. സമയബന്ധിതമായി തുക അനുവദിച്ചെങ്കിൽ മാത്രമേ പ്രവർത്തനങ്ങൾ ലക്ഷ്യം കാണുകയുള്ളൂ. തുക ഏതെല്ലാം പ്രവർത്തികൾക്കായാണ് ചെലവഴിച്ചതെന്ന് ബന്ധപ്പെട്ട ഫയലിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല. വാർഡ് സാനിട്ടേഷൻ സമിതികളുടെ മിനുട്സും വൗച്ചറുകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. തുക അനുവദിച്ചതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്ര നമ്പർ | വർഷം | ശുചിത്വ മിഷൻ അനുവദിച്ച തുക | സർക്കാർ ഉത്തരവ് | സാനിറ്റേഷൻ കമ്മറ്റികൾക്ക് അനുവദിച്ചതിന്റെ വിശദാംശങ്ങൾ |
|---|---|---|---|---|
| 1 | 2019-20 | 3,80,000 | സ.ഉ(സാധാ)923/2019തസ്വഭവ. തീയതി 02-05-2019 | 15-04-2020 ന് അനുവദിച്ചു. ചെക്ക് നമ്പർ. 671074 തീയതി 15-4-2020 വൗച്ചർ നമ്പർ. 220000 |
| 2 | 2020-21 | 3,80,000 | സ.ഉ.(സാധാ) 15640/2020 തസ്വഭവ തീയതി 14-09-2020 | ബിൽ നമ്പർ. 20150547000200875786 തീയതി 04-01-2021 |
| 3 | 2021-22 | - | സ.ഉ(സാധാ)1052/2008/തസ്വഭവ തീയതി 27/5/2021 | ചെക്ക് നമ്പർ. 326038 തീയതി 04-06-2021 വൗച്ചർ നമ്പർ 22100213 മേൽ പ്രകാരം അനുവദിച്ച 3,80,000/- രൂപ നഗരസഭ മുൻകൂറായി അനുവദിച്ചതാണ്. ശുചിത്വ മിഷനിൽ നിന്നും ലഭിച്ചിട്ടില്ല. |

മഴക്കാല പൂർവ്വ ശുചീകരണം സമയബന്ധിതമായി നിശ്ചിത സർക്കാർ ഉത്തരവുകളുടെയും ഭരണസമിതി തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ കർശനമായി നടപ്പാക്കേണ്ടതും ഇവയ്ക്ക് ഭരണസമിതിയുടെ യഥാസമയമുള്ള മേൽനോട്ടം അനിവാര്യമാണ് എന്നും ഓഡിറ്റ് വിലയിരുത്തുന്നു.

## 1-24 കമ്മ്യൂണിറ്റി റിസോഴ്സ് വളണ്ടിയർ രൂപീകരണം-നഗരകാര്യ ഡയറക്ടറുടെ നിർദ്ദേശം നടപ്പിലാക്കിയില്ല

ഫയൽ നമ്പർ. ജി3-22131/19

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 12-11-2019 ന് ചേർന്ന യോഗ തീരുമാന പ്രകാരം ജനസംഖ്യയുടെ 1% വരുന്ന വ്യക്തികളെ കണ്ടെത്തി എല്ലാ നഗരസഭകളിലും കമ്മ്യൂണിറ്റി റിസോഴ്സ് വളണ്ടിയർമാരെ നിയമിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ 18-11-2019 ലെ ജി1-24112/19 നമ്പർ കത്ത് പ്രകാരം നഗരകാര്യ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ തിരൂർ നഗരസഭയിലെ എല്ലാ വാർഡുകളിലും കമ്മ്യൂണിറ്റി റിസോഴ്സ് വളണ്ടിയർ രൂപീകരിച്ച് നഗരസഭയിൽ സമർപ്പിക്കുന്നതിന് 19-12-2019 ലെ 4-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം വാർഡ് കൗൺസിലർമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ തുടർ നടപടികളൊന്നും സ്വീകരിച്ചതായി മേൽ നമ്പർ ഫയൽ പരിശോധനയിൽ കാണുന്നില്ല. കമ്മ്യൂണിറ്റി റിസോഴ്സ് വളണ്ടിയർ രൂപീകരണ പുരോഗതി സംബന്ധിച്ച വിവരവും രേഖകളും ആവശ്യപ്പെട്ടുകൊണ്ട് 11-01-2021 ലെ 17/2019-20 നമ്പർ പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും നഗരസഭ മറുപടിയൊന്നും ലഭ്യമാക്കിയില്ല. നഗരസഭ പരിധിയിൽ വരുന്ന ഏത് അടിയന്തിര ഘട്ടങ്ങളും നേരിടുന്നതിന് വളരെ ഉപകാരപ്രദവും അതിലുപരി നിലവിലെ സാഹചര്യത്തിൽ വളരെ അനിവാര്യവുമായ ഒരു പദ്ധതി നടപ്പിലാക്കുന്നതിൽ നഗരസഭയുടെ ഭാഗത്തുനിന്നുണ്ടായ അനാസ്ഥ തീരെ ക്രമത്തിലല്ല. ഭരണസമിതിയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-25 നഗരസഭ ഓഫീസിലും ടൗൺഹാളിലും ജനറേറ്റർ സ്ഥാപിക്കൽ-കൗൺസിൽ തീരുമാനം നടപ്പിലാക്കിയില്ല.

പ്രോജക്ട് നമ്പർ – എസ്.ഒ.227/20

അടങ്കൽ – 1500000(വികസന ഫണ്ട്)

ചെലവ് – 1498000

ബിൽ നമ്പർ – 201505547004500077169 തീയതി-08.04.2020 – ₹600000/-

2015055470045000362275 തീയതി-22.07.2020 – ₹600000/-

2015055470045000362278 തീയതി-22.07.2020 – ₹298000/-

ഫയൽ നമ്പർ. ഡി1/227/2019

തിരൂർ നഗരസഭ ഓഫീസിലും ടൗൺഹാളിലും ജനറേറ്റർ സ്ഥാപിക്കുന്നതിനായി 7-3-2019 ന് നടന്ന റീ ടെണ്ടറിൽ ശ്രീ. രമേഷ്.ഇ., M/s. ഇ-റാൻ അസോസിയേറ്റ്സ് എന്നവർ പങ്കെടുക്കുകയും 14,75,000/-രൂപയുടെ കരാർ സമർപ്പിക്കുകയും ചെയ്തു. ടി പ്രവർത്തിക്ക് ലഭിച്ച ഏക ടെണ്ടർ അംഗീകരിക്കുവാൻ 15-10-2019 ലെ 22-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം അംഗീകരിക്കുകയും ചെയ്തു. കരാറുകാരന് 2-11-2019 ന് സെലക്ഷൻ മെമ്മോ നൽകിയെങ്കിലും സമയബന്ധിതമായി ഉടമ്പടിപത്രം ഹാജരാക്കുകയോ തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്തില്ല. ഈ സാഹചര്യത്തിൽ കരാർ പ്രകാരമുള്ള നടപടികൾ പൂർത്തീകരിക്കുന്നതിന് ടിയാന് ഒരാഴ്ച സമയം അനുവദിക്കാനും അല്ലാത്തപക്ഷം ടെണ്ടർ നിരസിക്കുന്നതിനും, ഇ.എം.ഡി. കണ്ടുകെട്ടുന്നതിനും ടിയാനിൽ നിന്നു നഷ്ടം ഈടാക്കുന്നതിനും ജനറേറ്റർ വാങ്ങുന്നതിന് ഓഫർ ക്ഷണിക്കാനും 04-01-2020 ലെ 11-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം തീരുമാനമെടുക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ പിന്നീട് ഓഫർ ക്ഷണിച്ച് കാട്ടൂർ സെയിൽസ് കോർപ്പറേഷൻ എന്ന സ്ഥാപനത്തിൽ നിന്നും 14,98,000/- രൂപയ്ക്ക് ജനറേറ്റർ വാങ്ങി സ്ഥാപിക്കുകയാണ് ചെയ്തിട്ടുള്ളത്. ടിയാൻ 14,75,000/- രൂപ ടെണ്ടർ സമർപ്പിച്ച ജനറേറ്ററുകൾ 14,98,000/- രൂപയ്ക്ക് ഓഫർ വഴി കാട്ടൂർ സെയിൽസ് കോർപ്പറേഷൻ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുക വഴി നഗരസഭക്ക് 23,000/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾക്ക് ഖണ്ഡിക 3-1 കാണുക.

## 1-26 നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ-പ്രോജക്ട് ഓഫീസർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ഫലപ്രദമല്ല- പ്രോജക്ടുകൾ ലക്ഷ്യം കാണുന്നില്ല.

2019-20 വർഷം 14 പ്രോജക്ടുകൾക്ക് (സ്പിൽ ഓവർ ഉൾപ്പെടെ) അംഗീകാരം ലഭിച്ചെങ്കിലും തിരൂർ നഗരസഭ ദാരിദ്ര്യ നിർമ്മാർജ്ജന സെൽ പ്രോജക്ട് ഓഫീസർ 9 പ്രോജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയത്. നടപ്പിലാക്കിയ പ്രോജക്ടുകളുടെ ചെലവ് നാമമാത്രവുമാണ്. അടങ്കൽ തുകയുടെ ഏതാണ്ട് 15% മാത്രമാണ് ചെലവഴിച്ചത്. ഏതാനും പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ, പേര് | തൻവർഷ അടങ്കൽ | ചെലവ് ചെയ്ത തുക | ചെലവഴിച്ചതിന്റെ ശതമാനം |
|---|---|---|---|---|
| 1 | S.O. 267/20<br>കുടിവെള്ള ഗാർഹിക കണക്ഷൻ 2019-20<br>(Spill Over Project) | 2,40,000 | 55,000 | 22.91% |
| 2 | S.O. 139/20<br>ഗാർഹിക കുടിവെള്ള കണക്ഷൻ (എസ്.സി) | 90,000 | 5,000 | 5.5% |
| 3 | S.O. 138/20<br>കുടിവെള്ള ഗാർഹിക കണക്ഷൻ | 7,60,000 | 1,60,000 | 21% |
| 4 | S.O.226/20<br>വിവാഹ ധനസഹായം (പട്ടികജാതി വനിത)<br>(Spill Over Project) | 3,00,000 | 2,25,000 | 75% |
| 5 | S.O. 263/20 | 6,50,000 | 80,000 | 12.3% |

| | | | | |
|---|---|---|---|---|
| | ധനസഹായം ലഭിച്ചിട്ടും പണി പൂർത്തിയാകാത്ത വീട്ടുകൾക്ക് ധനസഹായം (Spill Over Project) | | | |
| 6 | S.O.162/19<br>ഷീ ലോഡ്ജ് | 20,000 | ഇല്ല | 0% |
| 7 | S.O.264/20<br>വീടിന്റെ മേൽക്കൂര മാറ്റി പുതിയ മേൽക്കൂര സ്ഥാപിക്കൽ<br>(Spill Over Project) | 5,00,000 | 75,000 | 15% |
| 8 | S.O.159/20 വൃദ്ധർക്ക് കട്ടിൽ അനുവദിക്കൽ (എസ്.സി) | 2,61,000 | 78,300 | 30% |
| 9 | S.O.162/20വിവാഹ ധനസഹായം (എസ്.സി) | 9,00,000 | 3,75,000 | 41.6% |

നടപ്പിലാക്കിയ 8 പ്രോജക്ടുകളിൽ 5 എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളായിരുന്നു. പുതുതായി അംഗീകാരം ലഭിച്ച 9 പ്രോജക്ടുകളിൽ (സ്പിൽ ഓവർ ഒഴികെയുള്ളത്) 3 എണ്ണം മാത്രമാണ് 2019-20വർഷത്തിൽ നടപ്പിലാക്കിയത്. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ നടപ്പാക്കാതിരുന്നതിനും നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് നാമമാത്രമായതിനും വ്യക്തമായ മറുപടി നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് 12-01-2021 ലെ ഓഡിറ്റ് എൻക്വയറി നമ്പർ 16/19-20 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ആയതിന് പ്രോജക്ട് ഓഫീസർ ലഭ്യമാക്കിയ മറുപടിയിൽ പല പദ്ധതികൾക്കും ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമായിരുന്നില്ലായെന്നും , ലഭ്യമായവയിൽ തന്നെ ആവശ്യമായ എണ്ണം ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടില്ലായിരുന്നുവെന്നുമാണ്. അപ്രകാരം തന്നെ നിരന്തരം ആവശ്യപ്പെട്ടിട്ടും, നിശ്ചിത സമയത്ത് ഗുണഭോക്താക്കൾ ആവശ്യമായ രേഖകൾ സമർപ്പിക്കാത്തതും പ്രോജക്ടുകളുടെ ചെലവിനെയും നടത്തിപ്പിനെയും ബാധിച്ചുവെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. കൂടാതെ ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്നതിനായി രൂപീകരിച്ച പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ നേരത്തെ കണക്ഷൻ എടുത്തവരും, കണക്ഷൻ എടുക്കാൻ സന്നദ്ധരല്ലാത്തവരും ആയതിനാൽ ടി പദ്ധതിയും ഫലപ്രദമായില്ലായെന്നും മറുപടിയിൽ വ്യക്തമാകുന്നു. പദ്ധതികൾക്കായുള്ള ഗുണഭോക്തൃ തെരഞ്ഞെടുപ്പിലെ അപാകതയും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിലുള്ള ആസൂത്രണമില്ലായ്മയുമാണ് മേൽ മറുപടി സൂചിപ്പിക്കുന്നത്. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് കുറ്റമറ്റതും സുതാര്യവുമാണെന്ന് കരുതാനാവില്ല. ലിസ്റ്റിൽ ഉൾപ്പെടുത്തിയവർ സമയത്ത് രേഖകൾ ഹാജരാക്കാത്തതും ആവശ്യക്കാരല്ലാത്തവർ ലിസ്റ്റിൽ കടന്നു കൂടുന്നതും അതാണ് സൂചിപ്പിക്കുന്നത്. മാത്രമല്ല ജനങ്ങൾക്ക് ആവശ്യവും ഉപകാരപ്രദവുമാകുന്ന പ്രോജക്ടുകൾ കണ്ടെത്തി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയും മേൽ അപാകതകൾ ചൂണ്ടിക്കാണിക്കുന്നുണ്ട്. ആയതിനാൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് കുറ്റമറ്റതും ലിസ്റ്റിൽ ആവശ്യക്കാർ മാത്രം ഉൾപ്പെടുന്നു എന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതുണ്ട്. ശരിയായ ഗുണഭോക്താക്കളെ കണ്ടെത്താതെയും ആസൂത്രണമില്ലാതെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയും ചെയ്യുന്ന ഇത്തരത്തിലുള്ള രീതി തീരെ ക്രമത്തിലല്ല. ഭരണ സമിതിയുടെ സത്വര നടപടികൾ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-27 ജീവനക്കാരുടെ സേവനപുസ്തക പരിശോധന-ജി.എെ.എസ്, എസ്.എൽ.എെ, ജി.പി.എഫ് എന്നിവയിൽ സമയബന്ധിതമായി അംഗത്വമെടുക്കുന്നില്ല.

2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 3 വർഷത്തിനുള്ളിൽ നിയമനം ലഭിച്ച് 2 വർഷം സേവനം പൂർത്തിയാക്കിയ ജീവനക്കാരുടെ സേവനപുസ്തകങ്ങൾ പരിശോധിക്കുകയുണ്ടായി. പരിശോധനയിൽ താഴെ കൊടുത്തിരിക്കുന്ന ജീവനക്കാർ നാളിതുവരെ പി.എഫ്, എസ്.എൽ.എെ, ജി.എെ.എസ് എന്നിവയിൽ അംഗത്വമെടുത്തതായി കാണുന്നില്ല. വിശാദംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര്. തസ്തിക | ജോലിയിൽ പ്രവേശിച്ച തീയതി |
|---|---|---|

| | | |
|---|---|---|
| 1 | ദിനകരൻ ഡാനിയൽ. ജെ.എം.<br>ഓഫീസ് അറ്റന്റന്റ് | 15-01-2018 |
| 2 | പ്രജിതാഭായ്.പി.<br>ഓഫീസ് അറ്റന്റന്റ് | 15-01-2018 |
| 3 | ലിസമ്മ. പി., ഓഫീസ് അറ്റന്റന്റ് | 15-01-2017 |

50 വയസ്സ് കഴിയാത്ത ഉദ്യോഗസ്ഥർ സർവ്വീസിൽ പ്രവേശിച്ച് 1 മാസത്തിനുള്ളിൽ എസ്.എൽ.എെ പോളിസിയും 1 വർഷത്തിനുള്ളിൽ ജി.എെ.എസ്. പോളിസിയും , പി.എഫും എടുക്കേണ്ടതാണ്. ഇതില്ലാതെ ആദ്യ ഇൻക്രിമെന്റിന് ആ ജീവനക്കാരന് അർഹതയുണ്ടായിരിക്കില്ല എന്ന് നോട്ട് 3, ചട്ടം 31, കെ.എസ്. ആർ.1, ചട്ടം 4(1) ഗ്രൂപ്പ് ഇൻഷുറൻസ് റൂൾസ് എന്നിവയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ ഓഫീസ് ജീവനക്കാർക്ക് ആദ്യ ഇൻക്രിമെന്റ് അനുവദിച്ചു നൽകിയിട്ടുണ്ട്. ഇത് ക്രമപ്രകാരമല്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 10-12-2020 ലെ 8/2019-20 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും നഗരസഭ മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല.

## 1-28 2012-13 വർഷത്തിൽ 19.59 ലക്ഷം രൂപ കുടിശ്ശിക നിലനിർത്തികൊണ്ട് തുടർ വർഷങ്ങളിലെ ലൈബ്രറി സെസ് അടവാക്കുന്നു.

ഫയൽ നമ്പർ. ആർ.1-2068/98

മേൽ നമ്പർ ഫയൽ പരിശോധിച്ചതിൽ ലൈബ്രറി സെസിനത്തിൽ 2019-20 വർഷത്തെ ഒന്നാം ഗഡു വരെയുള്ള തുക നഗരസഭ അടവാക്കിയിട്ടുണ്ട്. എന്നാൽ 2010-11 മുതൽ 2012-13 വരെയുള്ള കാലയളവിൽ 19.59 ലക്ഷം രൂപ കുടിശ്ശികയായി കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വർഷം | ലൈബ്രറി സെസ്സിനത്തിൽ പിരിച്ചെടുത്ത തുക |
|---|---|---|
| 1 | 2010-11 | 5,90,990 |
| 2 | 2011-12 | 6,68,837 |
| 3 | 2012-13 | 6,99,395 |
| ആകെ കുടിശ്ശിക | | 19,59,222 |

2010-13 വരെയുള്ള കാലയളവിൽ ലൈബ്രറി സെസിനത്തിൽ ഭീമമായ കുടിശ്ശിക അടവാക്കാനുള്ളതിനാൽ 2013-14 നടപ്പുവർഷം മുതലുള്ള സെസ്സ് അടവാക്കാനും കുടിശ്ശിക ഗഡുക്കളായി അടവാക്കാനും 18-03-2014 ലെ കാര്യാലയക്കുറിപ്പിൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ പിന്നീട് 2013-14 മുതൽ 2019-20 വരെയുള്ള തുക തുടർച്ചയായി അടവാക്കിയെങ്കിലും കുടിശ്ശികയുടെ കാര്യം പരിഗണിച്ചില്ല. 07-11-2017 ലെ കാര്യാലയക്കുറിപ്പിൽ 2015-16 രണ്ടാം

അർദ്ധവർഷം മുതലുള്ള ലൈബ്രറി സെസ്സ് മാത്രമേ അടവാക്കാൻ ബാക്കിയുള്ളൂ എന്ന കാര്യമാണ് സൂചിപ്പിക്കുന്നത്. മേൽ കുടിശ്ശികയുടെ കാര്യം പരാമർശിക്കുന്നില്ല.
കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ 28-11-2011ലെ എ3-1439/11 കത്ത് പ്രകാരം 2005-06 മുതൽ 2010-11 വരെയുള്ള ഡി.സി.ബി പത്രിക നൽകാനും 2011-12 വർഷത്തെ ലൈബ്രറി സെസ് അടവാക്കാനും നഗരസഭയോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൗൺസിലിന്റെ തന്നെ 21-04-2015 ലെ എ3- 2620/15 നമ്പർ കത്ത് മുഖേന 2011-12 മുതൽ 2014-15 വരെയുള്ള കാലയളവിലെ ഡി.സി.ബി. പത്രിക നഗരസഭയോട് ആവശ്യപ്പെടുകയുണ്ടായി. നഗരസഭ മേൽ കത്തുകൾക്കുള്ള മറുപടി യഥാസമയം നൽകിയിട്ടുണ്ട്. നഗരകാര്യ ഡയറക്ടറുടെ 01-06-2017 ലെ ഡി.സി.3/9635/17 കത്തിനോടൊപ്പം ലൈബ്രറി സെസ് ഒടുക്കുന്നതിൽ വീഴ്ച വരുത്തിയ നഗരസഭകളുടെ ലിസ്റ്റ് ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പട്ടികയിൽ തിരൂർ നഗരസഭയുടെ 2015-16 വർഷത്തെ സെസ്സ് മാത്രമാണ് കുടിശ്ശികയായി കാണിച്ചിരിക്കുന്നത്. 2010-11, 2011-12, 2012-13 വർഷത്തെ കുടിശ്ശകയുടെ കാര്യം സൂചിപ്പിക്കുന്നില്ല. ലൈബ്രറി സെസ് സംബന്ധിച്ച നഗരകാര്യ ഡയറക്ടറുടെയോ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെയോ തുടർന്നു വരുന്ന കത്തുകളിലൊന്നും തന്നെ പ്രസ്തുത കാലയളവിലെ കുടിശ്ശിക സംബന്ധിച്ച പരാമർശമില്ല. എന്നാൽ നഗരസഭയിലെ എ3- സെക്ഷന്റെ 17-03-2016 ലെ കുറിപ്പ് മുഖേന കുടിശ്ശകയുടെ വിവരം ബന്ധപ്പെട്ട സെക്ഷനെ അറിയിച്ചിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ തുടർ നടപടികളൊന്നും തന്നെ സ്വീകരിച്ചിട്ടില്ല.

നഗരസഭ വർഷം തോറും വസ്തു നികുതിയോടൊപ്പം പിരിച്ചെടുക്കുന്ന ലൈബ്രറി സെസ് തുക രണ്ടു ഗഡുക്കളായി ഏപ്രിൽ-30, നവംബർ 30 എന്നീ തീയതികൾക്ക് മുമ്പായി കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിലേക്ക് അടവാക്കേണ്ടതുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20-09-2005 ലെ 10088/എൽ3/06 നമ്പർ സർക്കുലർ അനുസരിച്ച് ലൈബ്രറി സെസ്സിനത്തിലുള്ള തുക യഥാസമയം സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് അടവാക്കിയില്ലെങ്കിൽ നഗരസഭ സെക്രട്ടറി ആയതിന് വ്യക്തിപരമായി ബാധ്യതപ്പെടുമെന്ന് വ്യവസ്ഥ ചെയ്യുന്നു.

2012-13 ന് ശേഷമുള്ള വർഷങ്ങളിൽ തുടർച്ചയായി ലൈബ്രറി സെസ്സ് അടവാക്കിയെങ്കിലും 2010-13 ലെ കുടിശ്ശിക അടവാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. (പ്രത്യേകിച്ചും ഈ വിഷയത്തെപ്പറ്റി എ-3 സെക്ഷൻ കുറിപ്പ് നൽകിയ സാഹചര്യത്തിൽ). മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നമ്പർ. 2/20-10-20) നമ്പർ സർക്കുലറിൽ ലഭ്യമാക്കിയ മറുപടിയിൽ മേൽ കുടിശ്ശിക ഗഡുക്കളായി അടവാക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന് അറിയിച്ചിരിക്കുന്നു. എന്നാൽ പ്രസ്തുത തുക അടവാക്കിയതിന്റെ യാതൊരു രേഖയും ഓഡിറ്റിന്റെ പരിശോധനക്ക് ഹാജരാക്കിയില്ല. ആയതിനാൽ ലൈബ്രറി സെസിനത്തിനുള്ള കുടിശ്ശിക അടിയന്തിരമായി ലൈബ്രറി കൗൺസിലിലേക്ക് അടവാക്കി വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്. മറ്റു വകുപ്പുകളിലേക്ക് /സ്ഥാപനങ്ങളിലേക്ക് അടവാക്കാനുള്ള തുകകൾ വകമാറ്റി ചെലവഴിക്കുന്നില്ല എന്നുറപ്പ് വരുത്താൻ മേൽനോട്ട സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്.

## 1-29 ശുചീകരണ തൊഴിലാളികൾക്കുള്ള യൂണിഫോം-കുടിശ്ശികയുൾപ്പെടെ തൻവർഷം ഓരോ തൊഴിലാളിക്കും 12 ജോടികൾ വീതം വിതരണം ചെയ്തു.

ഫയൽ നമ്പർ. എച്ച്3-12881/15
തിരൂർ നഗരസഭയിലെ ശുചീകരണ വിഭാഗം തൊഴിലാളികൾക്ക് 2014-15 മുതൽ 2019-20 വരെയുള്ള കാലയളവിൽ യൂണിഫോം തുണിത്തരങ്ങൾ, മറ്റ് അനുബന്ധസാമഗ്രികൾ എന്നിവ വാങ്ങിയതിന്റെയും വിതരണം ചെയ്തതിന്റെയും വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | വർഷം | കൗൺസിൽ തീരുമാനം | ടെണ്ടർ ചെയ്ത തീയതി | യൂണിഫോം വാങ്ങിയ സ്ഥാപനം | തുക | സ്ഥാപനം വിതരണം ചെയ്ത തീയതി | തൊഴിലാളികൾക്ക് വിതരണം ചെയ്ത തീയതി | റിമാർക്സ് |
|---|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1 | 2014-15<br>2015-16 | 27/31-08-15 | 25-9-15 | ബാസിത് സിൽക്സ്, തിരൂർ | 3,06,169 | 14-6-16 | വിവരം ലഭ്യമല്ല. | * |
| 2 | 2016-17<br>2017-18<br>2018-19 | 27/11-03-2019 | 20-12-18 | ഷിബു ഡിസ്ട്രിബ്യൂട്ടേഴ്സ്, കോഴിക്കോട്. | 6,66,398 | 15-5-19 | കൈപ്പറ്റിയ തീയതി രേഖപ്പെടുത്തിയിട്ടില്ല. | ** |
| 3 | 2019-20 | 3/31-1-20 (ആരോഗ്യ സ്ഥിരം സമിതി) | 16-6-20 | ഷിബു ഡിസ്ട്രിബ്യൂട്ടേഴ്സ്, കോഴിക്കോട്. | .... | .... | .... | *** |

* മേൽ പട്ടികയിൽ സൂചിപ്പിച്ചതുപോലെ 2014-15 വർഷത്തെ യൂണിഫോമും മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനുള്ള കൗൺസിൽ തീരുമാനവും ടെണ്ടർ ചെയ്ത നടപടിയും എടുത്തത് 2015-16 വർഷത്തിലാണ്. ആയതിനാൽ തന്നെ 2015-16 ലെ വാങ്ങലുകളും പ്രസ്തുത ടെണ്ടറിൽ ഉൾപ്പെടുത്തേണ്ടി വന്നു. ഈ രണ്ടു വർഷത്തെയും യൂണിഫോമുകളും മറ്റും ഒരുമിച്ച് 2016-17 ൽ വാങ്ങുകയുണ്ടായി. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നമ്പർ. 1/20-10-20) മറുപടിയിൽ യൂണിഫോം വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞില്ല എന്നാണ് നഗരസഭ അറിയിച്ചത്.

** 2016-17വർഷത്തിൽ വിതരണം ചെയ്യേണ്ട യൂണിഫോമുകൾ വാങ്ങുന്നതിനുള്ള നടപടിയുടെ ഭാഗമായി ഹെൽത്ത് സൂപ്പർവൈസർ ജീവനക്കാരുടെ ലിസ്റ്റ് സമർപ്പിച്ചത് 27-01-2017 നാണ്. തുടർന്ന്, സർക്കാർ അംഗീകൃത സ്ഥാപനമായ "ഹാൻഡ് വീവിന്" 13-03-2017ൽ കത്തെഴുതുകയും സ്ഥാപനം വിലവിവരമടങ്ങിയ പ്രൊഫോർമ അയച്ചു തന്നതിന്റെ അടിസ്ഥാനത്തിൽ 12-03-2018 ന് സപ്ലൈ ഓർഡർ നൽകുകയും ചെയ്തു. എന്നാൽ നിശ്ചിത സമയപരിധിക്കുള്ളിലും സാമഗ്രികൾ ലഭ്യമാക്കാത്തതിനാൽ പ്രസ്തുത സ്ഥാപനത്തിന്റെ ഓർഡർ 11-06-2018ന് റദ്ദ് ചെയ്തു. നടപടിക്രമങ്ങൾ വൈകിയത് കാരണം പിന്നീട് 2016-17 മുതൽ 2018-19 വരെയുള്ള വർഷങ്ങളിൽ വിതരണം നടത്തേണ്ട യൂണിഫോമുകൾക്ക് ഒരുമിച്ച് ടെണ്ടർ വിളിക്കേണ്ടി വന്നു. ഇതിനായി 3 തവണ ടെണ്ടർ ക്ഷണിച്ചെങ്കിലും ആയത് സമർപ്പിച്ചതിലെ സാങ്കേതിക പ്ശനം കാരണം മൂന്ന് ടെണ്ടറുകളും റദ്ദ് ചെയ്തു. 22-10-2018 ന് വീണ്ടും ടെണ്ടർ ചെയ്തതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഷിബു ഡിസ്ട്രിബ്യൂട്ടേഴ്സ്, കോഴിക്കോടിന് ടെണ്ടർ ഉറപ്പിച്ചു. ചുരുക്കത്തിൽ 2016-17 വർഷത്തിൽ വിതരണം നടത്തേണ്ട യൂണിഫോമുകൾ വാങ്ങിയത് 2019-20 വർഷത്തിലാണ്. ജീവനക്കാർ യൂണിഫോം കൈപ്പറ്റിയ തീയതി വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിൽ ഉത്തരവാദപ്പെട്ടവർ ആരും തന്നെ സാക്ഷ്യപ്പെടുത്തിയില്ല.

*** 2019-20 വർഷത്തെ യൂണിഫോം വാങ്ങുന്നതിന്റെ ഭാഗമായി നഗരസഭ ടെണ്ടർ ക്ഷണിക്കുന്നത് 2020-21 വർഷത്തിലാണ്. 25-06-2020 ന് സ്വീകരിച്ച ടെണ്ടറിൽ 3 സ്ഥാപനങ്ങൾ പങ്കെടുത്തു. വിതരണം ചെയ്യുന്ന സാമഗ്രികളുടെ സാമ്പിളുകൾ പരിശോധനക്കായി അയച്ചുതരാൻ പ്രസ്തുത സ്ഥാപനങ്ങളോട് 15-07-2020 ന് നഗരസഭ ആവശ്യപ്പെട്ടിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഫയലിൽ ലഭ്യമല്ല. അവിചാരിതമായി ഉണ്ടായ കോവിഡ് രോഗവും തുടർന്നുള്ള ലോക്ക് ഡൗൺ കാരണവും 2019-20 വർഷത്തെ ടെണ്ടർ നടപടിക്രമങ്ങൾ വൈകിയതെന്നും യൂണിഫോം അനുബന്ധ സാമഗ്രികൾ ഒരു മാസത്തിനകം വിതരണം ചെയ്യുമെന്നും 25-11-2020 ന് നഗരസഭ ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കുന്നു. എന്നാൽ കോവിഡ് രോഗവുമായി ബന്ധപ്പെട്ട ലോക്ക് ഡൗൺ പ്രഖ്യാപിച്ചത് 2019-20 വർഷത്തിന്റെ അവസാന മാസത്തിലാണ്. 2019-20 വർഷാരംഭത്തിലോ മാർച്ച് മാസത്തിന് മുമ്പോ ടെണ്ടർ നടപടിക്രമങ്ങൾ സ്വീകരിച്ചില്ല. വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ (പേജ് നമ്പർ-71) 2019-20 വർഷത്തെ യൂണിഫോമും മറ്റു അനുബന്ധ സാമഗ്രികളും സ്റ്റോക്കിലെടുത്തത് 19-12-20 നാണ്. എന്നാൽ ശുചീകരണ തൊഴിലാളികൾ ജനുവരി 2020 ൽ തന്നെ സാമഗ്രികൾ കൈപ്പറ്റിയതായി രേഖപ്പെടുത്തിയിരിക്കുന്നു.

2014-15 മുതൽ 2019-20 വരെയുള്ള കാലയളവിൽ ഒരു വർഷം പോലും യൂണിഫോം വിതരണം യഥാസമയം നടന്നിട്ടില്ലെന്ന് വ്യക്തമാണ്. ഒരു സാമ്പത്തിക വർഷത്തിലെ വാങ്ങൽ നടപടികൾ ആരംഭിക്കുന്നത് തന്നെ ആ സാമ്പത്തിക വർഷത്തിന്റെ അവസാന ഘട്ടത്തിലാണ്. നടപടികൾ പൂർത്തിയാകുന്നത് ഒന്നോ രണ്ടോ വർഷം കഴിഞ്ഞുമാണ്. അത്തരം അവസരത്തിൽ രണ്ടോ മൂന്നോ വർഷത്തെ യൂണിഫോമുകളും മറ്റ് അനുബന്ധ സാമഗ്രികളും

തുടർന്ന് വരുന്ന വർഷങ്ങളിൽ ഒരുമിച്ച് വിതരണം ചെയ്യേണ്ട സാഹചര്യമുണ്ടാകുന്നു. യൂണിഫോം ധരിച്ച് ജോലി ചെയ്യേണ്ട ജീവനക്കാർക്ക് അത് ലഭ്യമാകാതിരിക്കുകയും മുൻകാലത്തേക്ക് വേണ്ട യൂണിഫോം പിന്നീട് വിതരണം ചെയ്യുന്നതും വിചിത്രമായ നടപടിയാണ്. ഒരു വർഷം 4 ജോഡി യൂണിഫോമുകളാണ് ശുചീകരണ തൊഴിലാളിക്ക് നൽകുന്നത്. മേൽ പട്ടികയിൽ സൂചിപ്പിച്ചതുപോലെ 2016-19 കാലയളവിൽ വർഷം തോറും അനുവദിക്കേണ്ട യൂണിഫോം വിതരണം ചെയ്തത് 2019-20 ലാണ്. അതായത് ഒരു ശുചീകരണ തൊഴിലാളിക്ക് ചില തുടർച്ചയായ വർഷങ്ങളിൽ യൂണിഫോം ലഭ്യമാകാതിരിക്കുകയും ഏതെങ്കിലും ഒരു വർഷം ഒരുമിച്ച് ലഭിക്കുകയും ചെയ്യുന്നു. ഉദാഹരണമായി 2019-20 വർഷം ഒരു ശുചികരണ തൊഴിലാളിക്ക് 12 ജോഡി യൂണിഫോമാണ് അനുവദിച്ചത്. ഇത്തരം നടപടികൾ ക്രമപ്രകാരമല്ലാത്തതും സർക്കാർ ഉത്തരവിന് വിരുദ്ധവുമാണ്.

ഓരോ വർഷവും ആവശ്യമായ സാധനങ്ങളുടെ കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ബാധകമായ നടപടിക്രമമനുസരിച്ച് സമാഹരണ നടപടി ആരംഭിക്കേണ്ടതാണെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമഹാരിക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ (ജി.ഒ(പി)259/2010 ത.സ്വ.ഭ.വ തീയതി 08-11-2010 ) നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഈ നടപടിക്രമം 2014-15 മുതൽ നഗരസഭ പാലിച്ചു വരുന്നില്ല. ആയതിനാൽ സമാഹരിക്കൽ മാർഗ്ഗരേഖയിൽ നിർദ്ദേശിക്കും പ്രകാരം ആവശ്യകത മുൻകൂട്ടി കണ്ട് വർഷാരംഭത്തിൽ തന്നെ ടെണ്ടർ നടപടികൾ സ്വീകരിച്ച് സാമഗ്രികൾ ശുചീകരണ തൊഴിലാളികൾക്ക് വിതരണം ചെയ്യേണ്ടതാണ്. 2014-15 മുതൽ 2019-20 വരെയുള്ള കാലയളവിൽ യൂണിഫോമും അനുബന്ധ സാമഗ്രികളും കൃത്യസമയത്ത് വിതരണം ചെയ്യാതിരുന്നതിന് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്. ഭാവിയിൽ ഇത്തരത്തിലുള്ള നടപടികൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഭരണ സമിതിയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-30 പ്രവൃത്തി പൂർത്തീകരിച്ച് മൂന്ന് വർഷത്തിനു ശേഷം മാത്രം കരാറുകാരന് ബിൽ തുക നൽകി

1) ഫയൽ നമ്പർ. പി.ഡബ്ളിയു.2-14765/15

| | |
|---|---|
| പ്രോജക്ട് നമ്പർ/പ്രവൃത്തിയുടെ പേര് | 129/കല്ലേപ്പാടം എസ്. സി. കോളനി റോഡ് റീ ടാറിംഗ് |
| അടങ്കൽ തുക, ഫണ്ടിനം | 5,35,000 (തനത് ഫണ്ട്) |
| എം. ബുക്ക് നമ്പർ, കരാർ നമ്പർ | 65/15-16 91/25-11-2015 |
| കരാറുകാരന്റെ പേര് | ശ്രീ. കിഷോർ കുമാർ |

നഗരസഭയുടെ 2015-16 വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ കല്ലേപ്പാടം എസ്.സി കോളനി റോഡ് റീ ടാറിംഗ് രണ്ടാം ഘട്ടം എന്ന പ്രവൃത്തിക്ക് വേണ്ടി തനത് ഫണ്ടിൽ നിന്നും 5,35,000 രൂപ വകയിരുത്തിയിരുന്നു. 25-04-2015 ന് ഭരണാനുമതിയും 23-06-2015 ന് സാങ്കേതികാനുമതിയും ലഭിച്ച പ്രവൃത്തി 23-03-2016 ന് തൃപ്തികരമായി പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തീകരണ കാലാവധിയുടെ വിവരം ഫയലിൽ ലഭ്യമല്ല. എന്നാൽ കരാർ കാലാവധിക്കു മുമ്പ് തന്നെ പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിച്ചിട്ടുണ്ടെന്ന് 28-03-2016 ഓഫീസ് കുറിപ്പിൽ നിന്നും വ്യക്തമാകുന്നുണ്ട്. തുടർന്ന് 5,36,808 രൂപയുടെ ബിൽ തയ്യാറാക്കുകയും ഇത് എസ്റ്റിമേറ്റ് തുകയായ 5,35,000 രൂപയിൽ പരിമിതപ്പെടുത്തുകയും ചെയ്തു. ബിൽ പ്രകാരം, മറ്റ് കിഴിവുകൾ കഴിച്ച് 5,20,020 രൂപയാണ് കരാറുകാരന് നൽകേണ്ടിയിരുന്നത്. തുക യഥാസമയം നൽകാത്തതിനാൽ കരാറുകാരൻ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും (നം. WP(c) 2059/19) കോടതിയുടെ 26-02-2019 ലെ അന്തിമ വിധിയിൽ, ബിൽ തുകയുടെ 50% വിധിപ്പകർപ്പ് കൈപ്പറ്റിയ (05-03-2019) ഉടനെയും ബാക്കി 50% ഒരു മാസത്തിനകം നൽകാനും നഗരസഭാ സെക്രട്ടറിയോട് നിർദ്ദേശിച്ചു. തുടർന്ന് 2,44,156 രൂപ 28-03-2019 നം (ചെക്ക് നമ്പർ. 824208/28-03-19) ബാക്കി 2,54,546 രൂപ 16-05-2019 നം (ചെക്ക്. നം. 991135/16-05-19) കരാറുകാരന് നൽകി . തുക യഥാസമയം നൽകാതിരുന്നതിന്റെ കാരണം ഫയലിൽ രേഖപ്പെടുത്തിയില്ല.

2). ഫയൽ നം. പി.ഡബ്ല്യൂ 1 – 14601/15

| | |
|---|---|
| പ്രോജക്ട് നം, പേര് | 167/15-16, കട്കാരത്ത് ഫുട്പാത്ത് കോൺക്രീറ്റിംഗ് |

| | |
|---|---|
| അടങ്കൽ തുക, ചെലവ് | 4,60,000/- (തനത് ഫണ്ട്), ചെലവ് - 4,44,393/- |
| എം. ബുക്ക് നം, കരാർ നം. | 93/15-16, 55/15-16/17.09.2015 |
| കരാറുകാരന്റെ പേര് | ശ്രീ. വി.പി. വാസു |

നഗരസഭയുടെ 2015-16 ലെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി കട്കാരത്ത് ഫുട്പാത്ത് കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിക്കുവേണ്ടി തനതു ഫണ്ടിൽ നിന്നും 4,60,000 രൂപ വകയിരുത്തിയിരുന്നു. 25.04.2015 ന് ഭരണാനുമതിയും 23.06.2015 ന് സാങ്കേതികാനുമതിയും ലഭിച്ച പ്രവൃത്തി 11.02.2016 ന് തൃപ്തികരമായി പൂർത്തീകരിച്ചിട്ടുണ്ടെന്ന് അളവു പുസ്തകത്തിൽ നിന്ന് വ്യക്തമാകുന്നു. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ഫയലിൽ നിന്നും വ്യക്തമല്ല. മറ്റ് കിഴിവുകൾ കഴിച്ച് കരാറുകാരന് ബിൽ പ്രകാരം 4,17,729/- രൂപയാണ് നൽകാനുണ്ടായിരുന്നത്. ബിൽ തുക യഥാസമയം നൽകാത്തതു കാരണം കരാറുകാരൻ ബഹു. ഹൈക്കോടതിയിൽ WP(c) No. 18449/19 ആയി കേസ് ഫയൽ ചെയ്തു. 17.08.2019 ലെ വിധിയിൽ നാല് മാസത്തിനകം കരാറുകാരന് മുഴുവൻ തുകയും നൽകാൻ നഗരസഭ സെക്രട്ടറിയോട് കോടതി നിർദ്ദേശിച്ചു. ഇതിൻ പ്രകാരം തുക കരാറുകാരന് നൽകുകയും ചെയ്തു.

3) ഫയൽ നമ്പർ :- A3-10555/19

| | |
|---|---|
| പ്രോജക്ട് നം, പേര് | 154/16, ഒരിക്കലിൽ ഫുട്പാത്ത് കോൺക്രീറ്റിംഗ് |
| അടങ്കൽ തുക, ചെലവ് | 1,55,000/- (തനത് ഫണ്ട്), ചെലവ് - 1,54,847/- |
| എം. ബുക്ക് നം, കരാർ നം. | 141/14-15 |
| കരാറുകാരന്റെ പേര് | ശ്രീ. മുഹമ്മദ് നിയാസ് |

തിരൂർ നഗരസഭ2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി "*ഒരിക്കലിൽ ഫുട്പാത്ത് കോൺക്രീറ്റിംഗ്* " എന്ന പ്രവൃത്തിക്കു വേണ്ടി തനത് ഫണ്ടിൽ നിന്നും 1,55,000/- രൂപ വകയിരുത്തിയിരുന്നു. 1,55,000/- രൂപയ്ക്ക് സാങ്കേതികാനുമതി ലഭിച്ച (നമ്പർ. 65/15-16/23-6-15) പ്രവൃത്തി, കരാറുകാരനായ ശ്രീ. മുഹമ്മദ് നിയാസ് എസ്റ്റിമേറ്റ് നിരക്കിൽ ഏറ്റെടുക്കുകയും 17-09-15 ൽ 29/15-ാം നമ്പർ പ്രകാരം നഗരസഭ മുനിസിപ്പൽ എഞ്ചിനീയറുമായി കരാറിലേർപ്പെടുകയും ചെയ്തു. അളവുപുസ്തകം അനുസരിച്ച് 5-12-2015 ൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം തയ്യാറാക്കിയ 1,54,847/- രൂപയുടെ ബിൽ 15-01-16 ന് കരാറുകാരൻ സമർപ്പിച്ചെങ്കിലും നഗരസഭ തുക യഥാസമയം കരാറുകാരന് നൽകിയില്ല. ആയതുകാരണം കരാറുകാരൻ (WP(c) നമ്പർ. 13531/2019 ആയി ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും 08-05-19ലെ വിധിയിൽ നഗരസഭയോട് തുക കരാറുകാരന് നൽകാൻ ആവശ്യപ്പെടുകയും ചെയ്തു. ഇതിൻ പ്രകാരം തുക കരാറുകാരന് നൽകുകയും ചെയ്തു.

ഇതു സംബന്ധിച്ച് നഗരസഭയ്ക്ക് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (*നം. 3/20-10-2020* ,4/2019-20/18-11-*2020,_39/19-20 /12.07.2021, )* നൽകിയിട്ടുണ്ട്. 3*/20-10-2020)* നമ്പർ അന്വേഷണ ക്കുറിപ്പിന് നൽകിയ മറുപടിയിൽ കല്ലേപ്പാടം എസ്. സി. കോളനി റോഡ് റീ ടാറിംഗ് പ്രവൃത്തി പൂർത്തീകരിച്ചിട്ടും യഥാസമയം തുക നൽകാതിരുന്നത് ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തു നിന്നുള്ള വീഴ്ചയാണെന്നാണ് അറിയിച്ചത്. ആയതിനാൽ കോടതിക്കാര്യത്തിനും മറ്റും അധികമായി ചെലവഴിച്ച തുക, വീഴ്ച വരുത്തിയ ജീവനക്കാരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്. കട്കാരത്ത് ഫുട്പാത്ത് കോൺക്രീറ്റിംഗ് പ്രവൃത്തിയുടെ കാര്യത്തിൽ മറുപടി ലഭ്യമാക്കിയില്ല.

കരാർ കാലാവധിക്കു മുമ്പ് പൂർത്തിയാക്കിയ കട്കാരത്ത് ഫുട്പാത്ത് കോൺക്രീറ്റിംഗ്, ഒരിക്കലിൽ ഫുട്പാത്ത് കോൺക്രീറ്റിംഗ് എന്നീ പ്രവൃത്തികളുടെ ബിൽ തുക യഥാസമയം കൈമാറാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതും മേൽ കേസുകളുടെ നടത്തിപ്പിന് നഗരസഭക്ക് ചെലവായ തുകയുടെ വിവരവും റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. കൂടാതെ സമാനമായ ഇത്തരം മറ്റ് കേസുകളുണ്ടെങ്കിൽ ആയതിന്റെ വിവരം കൂടി അറിയിക്കേണ്ടതാണ്.

## 1-31 അംഗനവാടിക്ക് സൗജന്യമായി സ്ഥലം വിട്ടുനൽകി- തുടർ നടപടിയുടെ വിവരം ലഭ്യമല്ല.

ഫയൽ നം. പി.ഡബ്ല്യു 1 – 21123/18

തിരൂർ നഗരസഭ, തിരൂർ വില്ലേജ് വാർഡ് 13 ൽ സർവ്വെ നമ്പർ 359/17 ൽപ്പെട്ട 2¾ സെന്റ് ഭൂമി അംഗനവാടി കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ. നജീബ് എന്ന വ്യക്തി 2017-18 ൽ സൗജന്യമായി നഗരസഭയ്ക്ക് വിട്ടു നൽകിയിട്ടുണ്ട്. പ്രസ്തുത ഭൂമി നഗരസഭയുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ഫയലിൽ നിന്നും വ്യക്തമാകുന്നു. മേൽ സാഹചര്യത്തിൽ താഴെ കൊടുത്തവയ്ക്കുള്ള മറുപടി ആവശ്യപ്പെട്ടുകൊണ്ട് 14.01.2021ൽ ഒരു അന്വേഷണക്കുറിപ്പ് (നം.21/19-20) നഗരസഭയ്ക്ക്

നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

1) ഭൂമി നഗരസഭയുടെ പേരിൽ രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ( ആധാരം സംബന്ധമായ വിവരങ്ങൾ)

2) രജിസ്റ്റർ ചെയ്ത ഭൂമി ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയതിന്റെ വിവരം

3) പ്രസ്തുത ഭൂമിയിൽ അംഗനവാടി നിർമ്മാണം പൂർത്തിയായെങ്കിൽ ആയതിന്റെ വിവരം.നിർമ്മാണം ആരംഭിച്ചില്ലെങ്കിൽ ആയതിനായി 2019-20, 2020-21 എന്നീ വർഷങ്ങളിൽ പ്രോജക്ടുകൾ ആവിഷ്കരിച്ചതിന്റെ വിശദാംശം.

4) മേൽ സൂചിപ്പിച്ച ഭൂമിയുടെ അതിർത്തി സംരക്ഷിക്കുന്നതിന് ഏർപ്പെടുത്തിയ സംവിധാനം

തിരൂർ നഗരസഭയുടെ അധികാര പരിധിയിലുള്ള 44 അംഗനവാടികളിൽ 20-ഉം എണ്ണം വാടകക്കെട്ടിടത്തിലാണ് പ്രവർത്തിച്ച് വരുന്നത് എന്ന് മറ്റൊരു അന്വേഷണക്കുറിപ്പിനുള്ള (നം.20/13.01.2021) മറുപടിയിൽ നഗരസഭ സൂചിപ്പിക്കുന്നുണ്ട്. സ്വകാര്യ വ്യക്തികൾ സൗജന്യമായി ഭൂമി വിട്ടു നൽകിയിട്ടും അംഗനവാടികൾ നിർമ്മിക്കാത്ത സാഹചര്യമാണുള്ളതെങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ മേൽ കാര്യങ്ങൾക്കുള്ള വ്യക്തമായ മറുപടി ബന്ധപ്പെട്ട രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-32 റോഡുകളുടെ സംരക്ഷണ പ്രവൃത്തിയും പൂർത്തീകരണവും യഥാസമയം നടക്കുന്നില്ല- അറ്റകുറ്റപണി ഭാഗികമായും നടക്കുന്നു.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം 30(1), ഒന്നാം പട്ടിക പ്രകാരം റോഡുകൾ സംരക്ഷിക്കുക എന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാണ്. ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലുമാണ്. നഗരസഭ സൂക്ഷിച്ചു വരുന്ന, 2020-21 ൽ പരിഷ്കരിച്ച ആസ്തി രജിസ്റ്റർ ഓഡിറ്റിന്റെ പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. 2010 വർഷത്തിന് മുൻപ് നിർമ്മിച്ചതും 100 മീറ്ററിൽ കൂടുതൽ നീളമുള്ളതുമായ റോഡുകളുടെ വിശദാംശം ശേഖരിച്ചതിൽ ഭൂരിഭാഗം റോഡുകളും അറ്റകുറ്റപണി നാളിതുവരെ നടത്താത്തതോ (അനുബന്ധം-3) ഭാഗികമായി സംരക്ഷണ പ്രവൃത്തി നടത്തിയതോ (അനുബന്ധം-4) റോഡ് നിർമ്മാണം തന്നെ പൂർത്തീകരിക്കാത്തതോ(അനുബന്ധം -5) ആണ്. അനുബന്ധം കാണുക.

പുതിയ ആസ്തികൾ സൃഷ്ടിക്കുന്നതോടൊപ്പം നിലവിലുള്ളവയുടെ കൃത്യമായ സംരക്ഷണവും പരിപാലനവും ഉറപ്പ് വരുത്തുകയും ഗുണനിലവാരം ഉയർത്തുകയും ചെയ്യുന്നതിന് ഊന്നൽ നൽകണമെന്ന് സ.ഉ. (കൈ) നം.17/2018/ തസ്വഭവ തീയതി. 02.02.2018 (13 ാം പദ്ധതി മാർഗ്ഗരേഖ)) ഖണ്ഡിക നം.2.2.7 ൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ മേൽ പട്ടികയിൽ കാണിച്ച റോഡുകളുടെ കാര്യത്തിൽ ഈ നിബന്ധന പാലിച്ചില്ല. ഈ ഉത്തരവിലെ ഖണ്ഡിക നം. 6.7.1 പ്രകാരം മെയിന്റനൻസ് ഫണ്ടും തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്. എന്നാൽ നഗരസഭ ഇത്തരം ഒരു പദ്ധതി തയ്യാറാക്കിയതിന്റെ വിവരം ലഭ്യമല്ല. ജി.ഒ(പി) നം.13/2012/പി.ഡബ്ല്യു.ഡി തീയതി. 01.02.2012, കേരള പൊതുമരാമത്ത് മാന്വൽ(പുതുക്കിയത്) ഖണ്ഡിക നം.2601.1 പ്രകാരം റോഡുകൾ ഉപയോക്താക്കൾക്ക് പൂർണ്ണമായും ഉപകാരപ്പെടുന്നതിനും സുരക്ഷയ്ക്കും ആസ്തി സംരക്ഷണം ഉറപ്പ് വരുത്തുന്നതിനും കൃത്യമായ ഇടവേളകളിൽ റോഡ് പരിപാലനം നടത്തേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ അത്തരത്തിൽ ഒരുപരിപാലന പദ്ധതി നഗരസഭ തയ്യാറാക്കിയില്ല. ആസ്തി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം ഏതാനം ചുരുക്കം ചില റോഡുകൾ നിർമ്മാണം പൂർത്തീകരിച്ചതിനു ശേഷം 10 വർഷത്തിനുള്ളിൽ അറ്റകുറ്റപണി നടത്തിയിട്ടുണ്ട്. ഉദാഹരണം താഴെ കൊടുക്കുന്നു.

2010 ൽ നിർമ്മിച്ച "മൂരിക്കുന്ന് റോഡ്" 2018 - 19 ൽ റീടാർ ചെയ്തിട്ടുണ്ട്. എന്നാൽ 2003 ൽ നിർമ്മിച്ച മിക്കവാറും റോഡുകളും 2020-21 ലും സംരക്ഷണ പ്രവൃത്തി നടത്താതിരിക്കയാണ്. റോഡ് സംരക്ഷണ പ്രവൃത്തി യഥാസമയം നടത്താതിരുന്നാൽ പിന്നീട് അറ്റകുറ്റപണി നടത്തുന്ന അവസരത്തിൽ വലിയ അളവിലുള്ള തുക ആയതിനായി വകയിരുത്തേണ്ടി വരും. ഇത് നഗരസഭയ്ക്ക് വൻ സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കും. കൂടാതെ പൊതുജനങ്ങളുടെ സൌകര്യപ്രദമായ യാത്രയ്ക്ക് ബുദ്ധിമുട്ടുണ്ടാക്കുകയും ചെയ്യുന്നതാണ്.

നഗരസഭയുടെ വാർഡ് സഭകളിൽ (2019-20വർഷത്തെ വാർഷിക പദ്ധതിയിലേക്കുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ചേർന്ന സഭ) റോഡുകൾ സംരക്ഷിക്കുന്നതിനും പൂർത്തീകരിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| വാർഡ് നം | യോഗ തീയതി | വാർഡ് സഭയിലെ നിർദ്ദേശം |
|---|---|---|
| 1. | 27.10.2018 | ഫാത്തിമ മാതാ മുതൽ തറയപ്പറമ്പ് പള്ളി ഭാഗം വഴി പോകുന്ന റോഡ് റീടാറിംഗ്. |
| 2. | 14.02.2020 | കല്ലിങ്ങൽ റോഡ് ഉയർത്തി സഞ്ചാര യോഗ്യമാക്കുക. |
| 3. | 27.10.2018 | കെ.പി ബാവ മൂപ്പൻ മുതൽ കള്ളിയത്ത് ഭാഗം റോഡ് ഉയർത്തി റീടാറിംഗ് നടത്തുക. |
| 6. | 28.10.2018 | 3,6,7 വാർഡുകളെ ബന്ധിപ്പിക്കുന്ന പുത്തൂർ മന റോഡ് പൂർത്തീകരിക്കുക, പ്രളയത്തിൽ തകർന്ന പൂവൻചിറ റോഡ് മണ്ണിട്ട് ഉയർത്തി റീടാറിംഗ് ചെയ്യുക, 6,7 വാർഡുകൾക്കിടയിലുള്ള ചെമ്പ്ര റെയിൽവെ ലൈൻ റോഡ് പുനരുദ്ധരിക്കുക. |
| 7. | 27.10.2018 | ചെമ്പ്രക്കുളം റോഡ് ഗതാഗത യോഗ്യമാക്കുക, മുതിരപ്പറമ്പ് റോഡ് റീടാറിംഗ് ചെയ്യുക, പൈങ്ങാട്ടു പാടം റോഡ്, പുത്തൂർ മന റോഡ് ഗതാഗത യോഗ്യമാക്കുക, തൊട്ടിയിൽ താഴം റോഡ് പൂർത്തീകരിക്കുക. |
| 9. | 27.10.2018 | പൊറ്റത്തറമ്മൽ റോഡ് പൂർത്തീകരണം, മണത്തോട്ട് റോഡ് ടാറിംഗ്, വെള്ളടാങ്ക് റോഡ് റീ-കോൺക്രീറ്റ്. |
| | 30.01.2020 | ബാവ മൂപ്പൻ റോഡിന്റെ അറ്റകുറ്റപണി നടത്തുക. |
| 10. | 26.10.2018 | കാഞ്ഞിരക്കുണ്ട് റോഡ് റീടാറിംഗ്. |
| | 29.08.2019 | കാക്കടവ് കാഞ്ഞിരക്കുണ്ട് റോഡ്, ആശാരിക്കടവ് റോഡ് റീ ടാറിംഗ് നടത്തുക. |
| 11. | 04.02.2020 | മുത്താണിക്കാട്ട്- ഇല്ലത്ത് പാടം റോഡ്, മൈലാടിക്കുന്ന് എം.കെ റോഡ് റീ ടാറിംഗ്. |
| 12. | 27.10.2018 | ആലിൻചുവട് മൈലാടിക്കുന്ന് റോഡ് റീ ടാറിംഗ്. |
| | 27.08.2019 | എം. ഇ. ആർ റോഡ്, എം.കെ റോഡ് റീ ടാറിംഗ്. മൈലാഞ്ചിക്കാട് റോഡ് ഉയർത്തൽ. |
| | 04.02.2020 | ആലിൻചുവട് മൈലാടിക്കുന്ന് റോഡ് റീ ടാറിംഗ്. |
| 13. | 27.10.2018 | തലക്കടത്തൂർ - പൂന്തല റോഡ്, കുന്നമ്മൽ റോഡ് പൂർത്തീകരണം. തണ്ടത്ത് റോഡ് റീ ടാറിംഗ്. |
| 14. | 25.10.2018 | പരന്നേക്കാട് - പൂഞ്ചോൾ റോഡ് അറ്റകുറ്റപണി നടത്തുക. |
| 16. | 15.11.2018 | കക്കുഴി റോഡ് റീ ടാറിംഗ് |
| 17. | 07.02.2020 | ഇസ്ലാം റോഡ് റീ ടാറിംഗ് നടത്തുക. |
| 19. | 10.04.2019 | മഖാം റോഡ് റീ ടാറിംഗ് നടത്തുക. |
| 22. | 03.09.2019 | പ്രളയം മൂലം തകർന്ന റോഡുകൾ പുതുക്കി പണിയൽ 1. മുത്തൂർ തങ്ങൾസ് റോഡ് 2. ഓൾഡ് ഏഴൂർ റോഡ് 3. സമുദായം റോഡ് 4.കരിക്കുളം റോഡ്. |
| 23. | 27.10.2018 | പറച്ചേരി റോഡ്, ദേശബന്ധു വായനശാല റോഡ്, എം.ഡി.പി.എസ് - ഐ.ടി.സി റോഡ് റീ ടാറിംഗ്. |
| 24. | 27.10.2018 | മേച്ചേരി റോഡ്, തൊട്ടിയാട്ടിൽ ഇടവഴി റോഡ് പുനർ നിർമ്മാണം. |
| 25. | 27.10.2018 | മലാപറമ്പ് റോഡ് പൂർത്തീകരണം. |
| | 28.02.2019 | മലാപറമ്പ് റോഡ് പൂർത്തീകരണം. |
| | 07.02.2020 | മലാപറമ്പ് റോഡ്, പാറക്കൽ റോഡ് പൂർത്തീകരണം. |
| 26. | 24.08.2019 | കുത്തുപറമ്പ് റോഡ് സൈഡ് ചുമർ ഉയർത്തണം. |
| 27. | 28.10.2018 | എൻ.എസ്.എസ് സ്കൂൾ - മൂരിത്തോട് റോഡ് അറ്റകുറ്റപണി നടത്തുക. |
| | 27.06.2019 | മുരിക്കിൻകാട് റോഡ് മെറ്റലിംഗും ടാറിംഗും നടത്തുക. |
| | 25.08.2019 | മുരിക്കിൻകാട് റോഡ്, അവണക്കാട് റോഡ് മെറ്റലിംഗും ടാറിംഗും നടത്തുക. |
| | 09.02.2020 | മുരിക്കിൻകാട് റോഡ് ടാറിംഗും നടത്തുക. |
| 28. | 28.10.2018<br>14.08.2019 | ഉണ്ണിചെട്ട്യാർ റോഡ്, തെക്കുംമുറി കട്ടച്ചിറ മാസ്റ്റർ റോഡ് അറ്റകുറ്റപണി നടത്തുക, മണിയത്ത് റോഡ് ടാറിംഗ് നടത്തുക. |
| 29. | 08.02.2020 | കോഹിനൂർ റോഡ്, കാവേരി റോഡ് ടാറിംഗ് നടത്തുക. |

| | | |
|---|---|---|
| 30. | 27.10.2018 | കല്ലേപാടം റോഡ് ഉയർത്തി ടാറിംഗ് നടത്തുക, നാരായണൻ നമ്പൂതിരി - കുറ്റില്ലപ്പാടം ടാറിംഗ് നടത്തുക. |
| 31. | 08.11.2018 | കൊക്കാട്ട് പറമ്പിൽ റോഡ് ടാറിംഗ് നടത്തുക. |
| 35. | 05.02.2020 | ചേക്കുട്ടി പറമ്പ് റോഡ്, ഭൂപണ ബാങ്ക് റോഡ് റീ- ടാറിംഗ് നടത്തുക |
| 36. | 28.10.2018 | എറ്റിരിക്കടവ് - വടക്കന്നാര റോഡ്, കോ- ഓപ്പറേറ്റീവ് കോളജ് റോഡ്, കരുവാട്ട്കാവ് റോഡ് റീ ടാറിംഗ്. |
| 38. | 06.11.2018 | മുള്ളമട റോഡ്, കണ്ടംകുളം - എറ്റിരിക്കടവ് റോഡ് റീ ടാറിംഗ്. |

സ.ഉ. (കൈ) നം.17/2018/ തസ്വഭവ തീയതി. 02.02.2018 (13 ാം പദ്ധതി മാർഗ്ഗരേഖ)) ഖണ്ഡിക നം.3.1.2(സി)4 പ്രകാരം കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കി വാർഡ്സഭാ യോഗങ്ങളിൽ അവതരിപ്പിച്ച്, ആ വേദികളിലെ ചർച്ചകളുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിച്ച് ഭരണസമിതിയുടെയും തുടർന്ന് വികസന സെമിനാറിന്റെയും പരിഗണനയ്ക്ക് സമർപ്പിക്കുക എന്നിവയാണ് പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതായ രണ്ട് ചുമതലകൾ. മേൽ പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക നം. 3.3.1 പ്രകാരം വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്ന് വാർഡ് സഭ നിർദ്ദേശങ്ങൾ ക്രോഡീകരിച്ചും വാർഡ് സഭകളുടെ മുൻഗണനകൾ പരിഗണിച്ചും കരട് വാർഷിക പദ്ധതി തയ്യാറാക്കി ഭരണസമിതിക്ക് സമർപ്പിക്കണം. ആയത് ഭരണസമിതി അംഗീകരിച്ച് വികസനസെമിനാറിൽ അവതരിപ്പിക്കുകയും വേണം. നഗരസഭയിലെ വിവിധ വാർഡുസഭകളിൽ നിന്ന് റോഡ് അറ്റകുറ്റപണി നടത്തുന്നതിന് മേൽ പട്ടികയിൽ കാണിച്ചുപോലെ നിരവധി നിർദ്ദേശങ്ങൾ ഉണ്ടായിട്ടും അവയില് ഭൂരിഭാഗം റോഡുകളും വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടില്ല. മേൽ വിഷയവുമായി ബന്ധപ്പെട്ട ഒരു ഓഡിറ്റ് അന്വേഷണക്കുറിപ്പ് (ഓഡിറ്റ് എൻക്വയറി നം.38/2019-20/29.06.2021) നഗരസഭയ്ക്ക് നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല.

മേൽ സാഹചര്യത്തിൽ, വർഷങ്ങൾക്ക് മുൻപ് നിർമ്മിച്ച റോഡുകളുടെ അറ്റകുറ്റപണി/സംരക്ഷണ പ്രവൃത്തി നാളിതുവരെ നടത്താതിരുന്നതിന്റെയും, ഭാഗികമായി നിർമ്മാണം നടത്തിയ റോഡുകൾ പൂർത്തീകരിക്കാത്തതിന്റെയും കാരണം വ്യക്തമാക്കേണ്ടതാണ്. കൂടാതെ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്.

## 1-33 നിക്ഷേപ പ്രവൃത്തികൾ- യഥാസമയം നടപ്പിലാകുന്നില്ല- നിക്ഷേപ തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല. പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കുന്നില്ല- മോണിട്ടറിംഗ് സംവിധാനം ഫലപ്രദമല്ല.

നഗരസഭ 1994-95 മുതൽ 2019-20 വരെയുള്ള കാലയളവിൽ വിവിധ വർഷങ്ങളിലായി ജല അതോറിറ്റിയിലും വൈദ്യുതി ബോർഡിലും വിവിധ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി വൻതുക നിക്ഷേപിച്ചിരിന്നു. നഗരസഭ സൂക്ഷിക്കുന്ന ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലാവധിയോ കരാർ ചമച്ചതിന്റെ വിവരമോ രജിസ്റ്ററിൽ രേഖപ്പെടുത്തിയില്ല. 1994-95 മുതൽ 2019-20 വരെയുള്ള കാലയളവിൽ വിവിധ വർഷങ്ങളിലായി വൈദ്യുതി ബോർഡിൽ 153 പ്രവൃത്തികൾക്കായി നിക്ഷേപിച്ച 6121494 രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരമോ വിനിയോഗ സാക്ഷ്യപത്രമോ ലഭ്യമല്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ലാത്ത പ്രവൃത്തികളുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു(നഗരസഭ സെക്രട്ടറിയുടെ പി.ഡബ്ല്യു-1/19294/20 തീയതി : 23.11.2020 കത്ത് അടിസ്ഥാനമാക്കി തയ്യാറാക്കിയത്).

| തുക നിക്ഷേപിച്ച വർഷം | പ്രവൃത്തികളുടെ എണ്ണം | നിക്ഷേപിച്ച തുക |
|---|---|---|
| 1994-95 | 1 | 2479 |
| 1997-98 | 10 | 310747 |
| 1998-99 | 16 | 545692 |
| 1999-2000 | 10 | 435927 |
| 2000-01 | 8 | 146526 |

| | | |
|---|---|---|
| 2001-02 | 6 | 231744 |
| 2002-03 | 24 | 926322 |
| 2003-04 | 36 | 953612 |
| 2004-05 | 6 | 736818 |
| 2005-06 | 24 | 381040 |
| 2012-13 | 1 | 23236 |
| 2014-15 | 1 | 16663 |
| 2015-16 | 1 | 14200 |
| 2018-19 | 1 | 611005 |
| 2019-20 | 8 | 785483 |
| ആകെ | 153 | 6121494 |

1994-95 മുതൽ 2019-20 വരെയുള്ള കാലയളവിൽ വിവിധ വർഷങ്ങളിലായി ജല അതോറിറ്റിയിൽ 45 പ്രവൃത്തികൾക്കായി നിക്ഷേപിച്ച 3896800 രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരമോ വിനിയോഗ സാക്ഷ്യപത്രമോ ലഭ്യമല്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ലാത്ത പ്രവൃത്തികളുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| തുക<br>നിക്ഷേപിച്ച വർഷം | പ്രവൃത്തികളുടെ എണ്ണം | നിക്ഷേപിച്ച തുക |
|---|---|---|
| 1994-95 | 4 | 153438 |
| 1999-2000 | 1 | 34375 |
| 2000-01 | 11 | 466250 |
| 2002-03 | 2 | 117000 |
| 2003-04 | 9 | 389900 |
| 2004-05 | 16 | 383212 |
| 2008-09 | 1 | 77625 |
| 2012-13 | 1 | 2275000 |
| ആകെ | 45 | 3896800 |

തൽഫലമായി മേൽ സ്ഥാപനങ്ങളിൽ വിവിധ പദ്ധതികൾക്കായി നിക്ഷേപിക്കുന്ന തുക നഗരസഭയെ സംബന്ധിച്ചിടത്തോളം നിഷ്ക്രിയ നിക്ഷേപമായി മാറുന്നു. പദ്ധതികൾ യഥാസമയം ഫലപ്രദമായി നടപ്പിലാക്കാത്തതിന്റെ ഫലമായി വിഭാവനം ചെയ്ത ലക്ഷ്യം, പ്രാപ്തമാക്കാതെ പോകുന്നുവെന്ന് മാത്രമല്ല സാമൂഹ്യ പുരോഗതിക്ക് ഇത് വിഘാതമാകുകയും ചെയ്യുന്നു. മേൽ പട്ടികയിൽ പറഞ്ഞ തുകയുടെ വിനിയോഗ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

സ.ഉ. (കൈ) നം. 17/2018/തസ്വഭവ തീയതി: 02.02.2018 പ്രകാരം പുറപ്പെടുവിച്ച വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക നം.11-2(ഡി)(ii) പ്രകാരം നിക്ഷേപ പ്രവൃത്തികൾക്ക് മുൻകൂർ തുക നൽകുന്നതിനു മുൻപ് ബന്ധപ്പെട്ട സ്ഥാപനവുമായി തദ്ദേശ സ്ഥാപനം കരാറിലേർപ്പെടണമെന്ന് നിഷ്കർഷിക്കുന്നു.

നിക്ഷേപ പ്രവൃത്തികൾക്കായി വൈദ്യുതി ബോർഡിലും ജല അതോറിറ്റിയിലും തുക നിക്ഷേപിക്കുന്ന മിക്കവാറും പ്രവൃത്തികളിൽ മേൽപ്പറഞ്ഞ നിർവ്വഹണ ഏജൻസികളുമായി നഗരസഭ കരാറിൽ ഏർപ്പെട്ടിട്ടില്ല. ആയതിനാൽ നിശ്ചിത സമയപരിധിക്കുള്ളിലും പ്രവൃത്തികൾ പൂർത്തീകരിച്ചില്ലെങ്കിൽ നിർവ്വഹണ ഏജൻസിക്കെതിരെ നഗരസഭക്ക് നിയമപരമായ നടപടികൾ സ്വീകരിക്കാൻ കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത്. സർക്കുലർ നം.ഡി.എ-1/881/2018/ തസ്വഭവ തീയതി: 28.12.2018 പ്രകാരം കേരള സംസ്ഥാന വൈദ്യുതി ബോർഡ്, ജല അതോറിറ്റി എന്നിവയെ ഏൽപ്പിക്കുന്ന പ്രവൃത്തികൾക്ക് പ്രസ്തുത സ്ഥാപനങ്ങളിൽ തുക നിക്ഷേപിച്ച് കഴിഞ്ഞാൽ സമയബന്ധിതമായി പദ്ധതി നടപ്പിലാക്കപ്പെടുന്നുണ്ടോയെന്നും ശരിയായ വിധത്തിൽ തുക വിനിയോഗിക്കപ്പെടുന്നുണ്ടോ യെന്നുമുള്ള മോണിറ്ററിംഗ് സംവിധാനം തദ്ദേശ സ്വയംഭരണ സ്ഥാപനം ഏർപ്പെടുത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ലോക്കൽ ഫണ്ട് അക്കൌണ്ട്സ് കമ്മിറ്റി (2014-16) യുടെ 43ാമത് റിപ്പോർട്ടിലെ ജല അതോറിറ്റി, വൈദ്യുതി ബോർഡിലെ നിക്ഷേപവുമായി ബന്ധപ്പെട്ട ശുപാർശകളിന്മേൽ നഗരസഭ നൽകിയ മറുപടിയിൽ (പി.ഡബ്ല്യ-1/19294/20 തീയതി: 23.11.2020), നിക്ഷേപ പ്രവൃത്തികൾക്ക് മോണിട്ടറിംഗ് സംവിധാനം നിലവിലുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ആയത് സംബന്ധിച്ച യോഗ മിനട്സ്, സ്വീകരിച്ച മറ്റ് നടപടികളുടെ വിശദാംശങ്ങൾ എന്നിവ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

നിക്ഷേപ പ്രവൃത്തി-തുടർ നടപടിയുടെ വിവരം ലഭ്യമല്ല.

1) ഫയൽ നമ്പർ. പി.ഡബ്ളിയു. 1-18393/18

തിരൂർ നഗരസഭ 9-ാം വാർഡിലെ പൊറ്റത്തറമ്മൽ റോഡിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് വൈദ്യുതി ഇല്ലാത്ത സാഹചര്യത്തിൽ ലൈൻ ദീർഘീകരണം നടത്തുന്നതിന് കെ.എസ്.ഇ.ബിക്ക് 19-02-2019 ന് കത്ത് നൽകുകയും കെ.എസ്.ഇ.ബി. 1,27,747/- രൂപയുടെ എസ്റ്റിമേറ്റ് നഗരസഭക്ക് നൽകുകയും ചെയ്തു. തുടർന്ന് പ്രസ്തുത തുക അടവാക്കുകയും, പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ 30-12-2019 ന് കെ.എസ്.ഇ.ബിയോട് ആവശ്യപ്പെടുകയും ചെയ്തു. തുടർ നടപടിയുടെ വിവരം ഫയലിൽ ലഭ്യമല്ല. ആയതിനാൽ മേൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരവും വിനിയോഗ സാക്ഷ്യപത്രവും ഓഡിറ്റിന്റെ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. പ്രവൃത്തി പൂർത്തീകരിക്കാത്ത /വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തപക്ഷം ആയത് ലഭ്യമാക്കുന്നതിന് സ്വീകരിച്ച തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

2) ഫയൽ നമ്പർ. പി.ഡബ്ളിയു. 1-6177/18

തിരൂർ നഗരസഭ 24-ാം വാർഡിലെ വിവിധ സ്ഥലങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി അയക്കാൻ നഗരസഭ 29-06-2018 ലെ കത്ത് മുഖേന കെ.എസ്.ഇ.ബിയോട് ആവശ്യപ്പെടുകയും 05-02-2019 ന് കെ.എസ്.ഇ.ബി. 1,81,625 രൂപയുടെ എസ്റ്റിമേറ്റ് നഗരസഭക്ക് നൽകുകയും ചെയ്തു. നാട്ടുകാരുടെ എതിർപ്പ് കാരണം തച്ചപ്പറമ്പിൽ ഇടവഴി എന്ന സ്ഥലത്തിന് പകരം ഉസ്മാൻ ഹാജി ഇടവഴിയിൽ പ്രവൃത്തി നടത്തുന്നതിന് (എസ്റ്റിമേറ്റ് തുക അധികരിക്കാത്ത വിധത്തിൽ) 11-11-2019 ന് കെ.എസ്.ഇ.ബിയ്ക്ക് കത്ത് നൽകി. ആയതിനുള്ള മറുപടി ഫയലിൽ ലഭ്യമല്ല. തുക കെ.എസ്.ഇ.ബിയിൽ നിക്ഷേപിച്ച് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമല്ല. തുടർ നടപടികളുടെ വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷം വിനിയോഗിക്കാതെ ബാക്കിയുള്ള നിക്ഷേപ തുക യഥാസമയം തിരികെ ലഭിക്കുന്നില്ല.

ഫയൽ നം. പി.ഡബ്ല്യൂ 1 – 23634/18

തിരൂർ നഗരസഭ വാർഡ് 20 ലെ വിവിധ ഭാഗങ്ങളിലേക്ക് ജല അതോറിറ്റിയുടെ കുടിവെള്ള പൈപ്പ് ലൈൻ കണക്ഷൻ ദീർഘിപ്പിക്കുന്നതിനായി 4 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് നഗരസഭയ്ക്ക് ജല അതോറിറ്റി സമർപ്പിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിൽ ജല അതോറിറ്റിയിൽ നിക്ഷേപിച്ചതിൽ ബാക്കി വന്ന തുക ഉപയോഗിച്ച് മേൽ പ്രവൃത്തി ചെയ്യുന്നതിന് നഗരസഭ കൌൺസിലിന്റെ 15.02.2020 ലെ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട് (തീരുമാനം നം.5). 2016-17, 2017-18 എന്നീ വർഷങ്ങളിൽ ജല അതോറിറ്റിയിൽ നിക്ഷേപിച്ച തുകയിൽ, പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷം16,58,960 രൂപ ബാക്കിയുണ്ടെന്നും ആയത് അതോറിറ്റിയുടെ കൈവശത്തിലുണ്ടെന്നും ഫയലിൽ നിന്നും വ്യക്തമാകുന്നു. നിക്ഷേപ പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷം വിനിയോഗിക്കാതെ ബാക്കിയുള്ള തുക ജല അതോറിറ്റിയിൽ നിന്നും തിരികെ ഈടാക്കാതിരുന്നതിന്റേയും വിനിയോഗ സാക്ഷ്യപത്രം യഥാസമയം ആവശ്യപ്പെടാതിരുന്നതിന്റെയും കാരണവും വ്യക്തമാക്കേണ്ടതാണ്.

1) നിലവിൽ ജല അതോറിറ്റി, കെ.എസ്.ഇ.ബി, ജലസേചന വകുപ്പ് തുടങ്ങിയ നിർവ്വഹണ ഏജൻസികളിൽ നഗരസഭ നിക്ഷേപിച്ച തുകയിൽ പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷം ഏജൻസിയുടെ കൈവശം വിനിയോഗിക്കാതെ ബാക്കിയുള്ള തുകയുടെ വർഷം തിരിച്ചുള്ള കണക്ക് (പ്രവൃത്തിയുടെ പേര്, നിർവ്വഹണ ഏജൻസി, വർഷം, നിക്ഷപിച്ച തുക, വിനിയോഗിച്ച തുക, ബാക്കി തുക എന്നീ വിവരങ്ങൾ ഉൾപ്പടുത്തണം) ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് ( ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ: 15/19-20/ 06-01-2020, 22/19-20/ 15-01-2020) നഗരസഭ മറുപടി ലഭ്യമാക്കിയില്ല.

ഇത് സംബന്ധിച്ച് വ്യക്തമായ മറുപടി ഈ റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയോടൊപ്പം നൽകേണ്ടതാണ്.

ഓഡിറ്റ് ശുപാർശ

1)നിക്ഷേപ പ്രവൃത്തികൾക്ക് മുൻകൂർ തുക നൽകുന്നതിനു മുൻപ് ബന്ധപ്പെട്ട സ്ഥാപനവുമായി നഗരസഭ നിർബന്ധമായും കരാറിലേർപ്പെടേണ്ടതാണ്.

2) കരാറിൽ ഏർപ്പെട്ട നിക്ഷേപ പ്രവൃത്തികളിൽ നിശ്ചിത സമയപരിധിക്കുള്ളിലും പ്രവൃത്തികൾ പൂർത്തീകരിച്ചില്ലെങ്കിൽ നിർവ്വഹണ ഏജൻസിക്കെതിരെ നിയമപരമായ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

3) കെ.എസ്.ഇ.ബി, ജല അതോറിറ്റി, ഭവന നിർമ്മാണ ബോർഡ്, ജലസേചന വകുപ്പ് തുടങ്ങിയ സ്ഥാപനങ്ങളെ ഏൽപ്പിക്കുന്ന നിക്ഷേപ പ്രവൃത്തികൾ ഫലപ്രദമായും സമയബന്ധിതമായും നടപ്പിലാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനുള്ള മോണിട്ടറിംഗ് സംവിധാനം നഗരസഭ ശക്തിപ്പെടുത്തേണ്ടതാണ്.

4) നാളിതുവരെ ഏൽപ്പിച്ച നിക്ഷേപ പ്രവൃത്തികൾ ബന്ധപ്പെട്ട ഏജൻസികൾ എത്രയും വേഗം പൂർത്തിയാക്കുവാനും പൂർത്തിയായ പ്രവൃത്തികളുടെ വിനിയോഗ സർട്ടിഫിക്കറ്റ്(ധനവിനിയോഗ വിവരം ഉൾപ്പെട്ടത്) നൽകുവാനും അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

5) നിക്ഷേപ പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷം വിനിയോഗിക്കാതെ ബാക്കിയുള്ള തുക ബന്ധപ്പെട്ട ഏജൻസിയിൽ നിന്നും തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

6) നിക്ഷേപ പ്രവൃത്തികളുടെ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തി ഡപ്പോസിറ്റ് രജിസ്റ്റർ കാലികമാ ക്കേണ്ടതാണ്.

7) നിക്ഷേപ പ്രവൃത്തികളുടെ യഥാർത്ഥ വിവരം അവ്യക്തമായതിനാൽ ആയതിന്റെ നിജസ്ഥിതി അറിയുന്നതിന് നഗരസഭ ജീവനക്കാരും ഭരണസമിതി അംഗങ്ങളും ഉൾപ്പെട്ട ഒരു സമിതി രൂപീകരിക്കാവുന്നതും ആയതിന്റെ ഒരു അന്വേഷണ റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-34 ICDS സൂപ്പർവൈസർ നടപ്പിലാക്കിയ പ്രൊജക്ട് നമ്പർ 100/2020 'കോക്ലിയാർ ഇംപ്ലാന്റേഷനുള്ള പരിപാലനച്ചെലവ്' എന്ന പ്രൊജക്ട് - രേഖകൾ ഹാജരാക്കാത്തതിനാൽ 1,00,000 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

പ്രൊജക്ട് നമ്പർ : 100/2020

നിർവ്വഹണ ഉദ്യോഗസ്ഥൻ : ICDS സൂപ്പർവൈസർ

ബിൽ നമ്പർ : 18/2019-20 – തിയതി 16.12.2019

തുക : 1,00,000 രൂപ

2019-20 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ കോക്ലിയാർ ഇംപ്ലാന്റേഷനുള്ള പരിപാലനച്ചെലവ്' എന്ന പ്രൊജക്ട് പ്രകാരം 1,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. കോക്ലിയാർ ഇംപ്ലാന്റേഷൻ കഴിഞ്ഞവർക്കുള്ള പരിപാലനച്ചെലവിലേക്കായി തിരൂർ നഗരസഭാപരിധിയിലെ രണ്ട് ഗുണഭോക്താക്കൾക്ക് ലഭിക്കുന്നതിനായി കേരളാ സാമൂഹ്യസുരക്ഷാമിഷന്റെ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലേക്കാണ് തുക കൈമാറിയിട്ടുള്ളത്. തദ്ദേശസ്വയംഭരണവകുപ്പിന്റെ 26.02.2019ലെ സ.ഉ. (സാധാ.) നം. 426/2019/തസ്വഭവ ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരമാണ് ഈ പ്രോജക്ട് നിർവ്വഹിച്ചിട്ടുള്ളതെന്ന് ഇതുമായി ബന്ധപ്പെട്ട് നൽകിയ 24.02.2021ലെ 29/2019-20 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയായി നഗരസഭ അറിയിച്ചിട്ടുണ്ട്. ഫാത്തിമ ജന്ന കെ.പി., ഹരിശങ്കർ എന്നീ കുട്ടികൾക്കാവശ്യമായ ഉപകരണങ്ങൾക്കുള്ള തുകയാണ് കേരള സാമൂഹ്യസുരക്ഷാമിഷന് കൈമാറിയിട്ടുള്ളത്. എന്നാൽ, ഈ ഗുണഭോക്താക്കൾക്കായി നഗരസഭ കൈമാറിയ തുക ഉപയോഗപ്പെടുത്തിയാണ് സാമൂഹ്യ സുരക്ഷാ മിഷൻ ഈ

കുട്ടികൾക്ക് ഉപകരണങ്ങൾ വാങ്ങി നൽകിയത് എന്ന് ഉറപ്പു വരുത്താൻ കഴിയുന്ന രേഖകളൊന്നും തന്നെ പരിശോധനക്കായി സമർപ്പിച്ചിട്ടില്ല. നഗരസഭ നൽകിയ വിഹിതത്തിന്റെ രസീതും വിനിയോഗസാക്ഷ്യപത്രവും ആവശ്യപ്പെട്ട് 04.03.2020ൽ കത്ത് അയച്ചിട്ടുണ്ടെങ്കിലും രേഖകൾ സാമൂഹ്യസുരക്ഷാമിഷൻ ലഭ്യമാക്കിയതായി കാണുന്നില്ല. സർക്കാർ മാർഗരേഖയിലെ ഖണ്ഡിക 7.1.3.5 പ്രകാരം ഉപകരണം ഉള്ളവർക്ക് തന്നെ അതേ ഉപകരണം വീണ്ടും നൽകപ്പെടാതിരിക്കാൻ വേണ്ട കർശന മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. ടി തുകയുടെ രസീതും ഉപകരണങ്ങൾ വാങ്ങി നൽകിയത് നഗരസഭയിൽ നിന്നും നിർദ്ദേശിക്കപ്പെട്ട ഗുണഭോക്താക്കൾക്കാണ് എന്ന് ഉറപ്പു വരുത്താൻ കഴിയുന്ന വിനിയോഗസാക്ഷ്യപത്രവും പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കാത്തതിനാൽ 1,00,000 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

## 1-35 സെക്രട്ടറി നടപ്പാക്കിയ പ്രൊജക്ട് നമ്പർ 02/2020 എസ്.എസ്.എ. വിഹിതം നൽകൽ - രേഖകളും ആവശ്യപ്പെട്ട മറ്റ് വിവരങ്ങളും ഹാജരാക്കിയില്ല – 30,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രൊജക്ട് നമ്പർ : 02/2020

ഫയൽ നമ്പർ : A5/13591/19

നിർവ്വഹണ ഉദ്യോഗസ്ഥൻ : നഗരസഭ സെക്രട്ടറി

ബിൽ നമ്പർ : 08/2019-20 – തിയതി 20.07.2019

തുക : 30,00,000 രൂപ (വികസന ഫണ്ട് പൊതു വിഭാഗം)

2019-20 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ എസ്.എസ്.എ. വിഹിതം നൽകൽ എന്ന പ്രൊജക്ട് പ്രകാരം 30,00,000/- രൂപ സമഗ്രശിക്ഷാ കേരളയുടെ ജില്ലാ പ്രൊജക്ട് ഓഫീസറുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുള്ളതാണ് (ബിൽ നമ്പർ 08/2019-20 – തിയതി 20.07.2019). നഗരസഭകൾ സർക്കാർ നിശ്ചയിക്കുന്ന തുക എസ്.എസ്.എ. പ്രൊജക്ടുകൾക്ക് വകയിരുത്തണമെന്നും ഈ പ്രൊജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശഭരണസ്ഥാപനം മുഖ്യപങ്ക് വഹിക്കേണ്ടതാണെന്നും 02.02.2018ലെ സ.ഉ. (കൈ) നം. 17/2018/തസ്വഭവ ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും പതിമൂന്നാം പദ്ധതിയിലെ വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 7.6ൽ പരാമർശിച്ചിട്ടുണ്ട്. ഈ നിർദ്ദേശം പാലിക്കുന്ന നിലയിൽ നഗരസഭ വകയിരുത്തിയ തുക വിനിയോഗിച്ചുള്ള പ്രൊജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ സ്ഥാപനത്തിന്റെ പങ്ക് സംബന്ധിച്ച വിവരങ്ങളൊന്നും തന്നെ പ്രൊജക്ട് ഫയലിൽ ലഭ്യമായിരുന്നില്ല. എസ്.എസ്.എ. വിഹിതം കൈപ്പറ്റിയതിന്റെ രസീതും വിനിയോഗസാക്ഷ്യപത്രവും പരിശോധനക്കായി ലഭ്യമാക്കണമെന്നും നഗരസഭാപരിധിയിൽ എസ്.എസ്.കെ. നടപ്പാക്കേണ്ട പ്രൊജക്ടുകൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ നഗരസഭ എസ്.എസ്.കെ.ക്ക് നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നും 05.01.2021ലെ 14/2019-20 നമ്പർ ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയവ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 30,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-36 സെക്രട്ടറി നടപ്പിലാക്കിയ പ്രൊജക്ട് നമ്പർ 01/2020 ഐ.കെ.എം.ന് വിഹിതം നൽകൽ പ്രൊജക്ട് - രേഖകൾ ഹാജരാക്കിയില്ല – 2,46,148 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രൊജക്ട് നമ്പർ : 01/2020

ഫയൽ നമ്പർ : A5/15598/19

നിർവ്വഹണ ഉദ്യോഗസ്ഥൻ : നഗരസഭ സെക്രട്ടറി

ബിൽ നമ്പർ : 15/2019-20 – തിയതി 17.08.2019

തുക : 2,46,148 രൂപ (വികസന ഫണ്ട് പൊതു വിഭാഗം)

2019-20 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ ഐ.കെ.എം.ന് വിഹിതം നൽകൽ എന്ന പ്രൊജക്ട് പ്രകാരം 2,46,148 രൂപ ഇൻഫർമേഷൻ കേരളാമിഷന് കൈമാറിയിട്ടുള്ളതാണ്. തിരൂർ നഗരസഭ നൽകിയ വിഹിതത്തിന്റെ രസീത് ഐ.കെ.എം. 20679/29.08.2019 പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. ടി തുകയുടെ

വിനിയോഗസാക്ഷ്യപത്രം പരിശോധനക്കായി ലഭ്യമാക്കിയിരുന്നില്ല. ഫയൽ പരിശോധിച്ചതിൽ 2019-20ലെ വിഹിതത്തിലെ ഡിമാൻഡിൽ നഗരസഭ നൽകുവാൻ ബാക്കിയുള്ള 19,387 രൂപ അടവാക്കേണ്ടതാണെന്ന് ഐ.കെ.എം. ഫിനാൻസ് ഓഫിസർ 18.01.2020ലെ ഐകെഎം/എ7/4465/2019 കത്ത് പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണസമയത്ത് ബഡ്ജറ്റ് അലൊക്കേഷൻ പ്രകാരം 2019-20ലെ പ്ലാൻ ഫണ്ടായി നിശ്ചയിച്ചിരുന്ന 9,84,59,000 രൂപയുടെ 0.25% എന്നതിനാലാണ് 2,46,148 രൂപ ഐ.കെ.എം. വിഹിതമായി നിശ്ചയിച്ചത്. എന്നാൽ, പദ്ധതിവിഹിതം പുതുക്കിനിശ്ചയിച്ചപ്പോൾ ആനുപാതികമായ വർദ്ധന ഐ.കെ.എം. വിഹിതത്തിൽ വരുത്തി 2,65,535 രൂപ വിഹിതമായി നൽകേണ്ടിയിരുന്നു.. 08.03.2016ലെ സ.ഉ.(സാധാ.) നം. 1228/2016/തസ്വഭവ ഉത്തരവ് പ്രകാരം മുനിസിപ്പാലിറ്റികൾ അവയുടെ പ്ലാൻ ഫണ്ടിന്റെ 0.25 % ഐ.കെ.എം.ന്റെ പ്രവർത്തനങ്ങൾക്കായി നിർബന്ധമായും മാറ്റിവെക്കേണ്ടതുണ്ട്. മേൽപരാമർശിച്ച കത്ത് പ്രകാരം ഐ.കെ.എം. ആവശ്യപ്പെട്ട 19387 രൂപ ഐ.കെ.എം.ലേക്ക് അടവാക്കിയത് സംബന്ധിച്ച വിവരങ്ങളും ഇല്ലാത്തപക്ഷം ആയതിനുള്ള കാരണവും അറിയിക്കേണ്ടതാണെന്നും അടവാക്കിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കണമെന്നും 05.01.2021ലെ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 12/2019-20 പ്രകാരം നഗരസഭയോട് ആവശ്യപ്പെട്ടിരുന്നു. പ്ലാൻ ഫണ്ട് ജനറൽ വിഭാഗത്തിൽ ഫണ്ട് ലഭ്യമല്ലാത്തതിനാൽ അധികം തുക അടവാക്കിയില്ലെന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് അടവാക്കുമെന്നുമാണ് മറുപടിയായി അറിയിച്ചിട്ടുള്ളത്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ 2,46,148 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഐ.കെ.എം. ആവശ്യപ്പെട്ട 19387 രൂപ ഐ.കെ.എം.ലേക്ക് അടവാക്കിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

### 1-37 സെക്രട്ടറി നടപ്പാക്കിയ പ്രൊജക്ട് നമ്പർ 95/2020 വയോമിത്രം - രേഖകൾ ലഭ്യമാക്കിയില്ല – 7,50,000 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

പ്രൊജക്ട് നമ്പർ : 95/2020

ഫയൽ നമ്പർ : A5/15923/19

നിർവ്വഹണ ഉദ്യോഗസ്ഥൻ : നഗരസഭ സെക്രട്ടറി

ബിൽ നമ്പർ : 17/2019-20 – തിയതി 17.08.2019

തുക : 7,50,000 രൂപ (വികസന ഫണ്ട് പൊതു വിഭാഗം)

2019-20 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ വയോമിത്രം - സാമൂഹ്യസുരക്ഷാമിഷന് വിഹിതം നൽകൽ എന്ന പ്രൊജക്ട് പ്രകാരം 7,50,000 രൂപ കേരളാ സാമൂഹ്യസുരക്ഷാമിഷന് കൈമാറിയിട്ടുള്ളതാണ്. 06.05.2013ലെ സ.ഉ. (സാധാരണ) നം. 1209/2013/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം കേരളാ സാമൂഹ്യസുരക്ഷാമിഷന് സംഭാവന നൽകിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ധനവിനിയോഗസാക്ഷ്യപത്രം നല്കേണ്ടതാണ്. തിരൂർ നഗരസഭ നൽകിയ വിഹിതത്തിന്റെ രസീതും വിനിയോഗസാക്ഷ്യപത്രവും സാമൂഹ്യസുരക്ഷാമിഷൻ നാളിത് വരെ ലഭ്യമാക്കിയിട്ടില്ല എന്നാണ് ഇത് സംബന്ധിച്ച് നൽകിയ 05.01.2021ലെ 13/2019-20 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി നഗരസഭ അറിയിച്ചിട്ടുള്ളത്. രേഖകൾ ഹാജരാക്കാത്തതിനാൽ 7,50,000 രൂപയുടെ ചെലവുകൾ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

### 2-1 വരുമാന പത്രികക്കനുസരിച്ച് തൊഴിൽ നികുതി നിർണ്ണയിച്ചതിൽ കുറവ്

ലഭ്യമാക്കിയ വരുമാന പത്രികകൾ പരിശോധിച്ചതിൽ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ താഴെപ്പറയുന്ന ജീവനക്കാരിൽ നിന്നും 2005ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്ന നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര്/തസ്തിക | സ്ഥാപനം | അർദ്ധവർഷ വരുമാനം (₹) | ഈടാക്കിയ നികുതി (₹) | ഈടാക്കേണ്ട നികുതി (₹) | വ്യത്യാസം (₹) |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
